നം.കെ.എസ്.എ.പി.റ്റി.എ.പി **4/1115/16** തീയതി **5.10.2016**

<u>പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ **2015-16** സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

**(1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം **215(4) -** വകുപ്പ്**, 1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **13-**ാം വകുപ്പ്**, 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

<u>ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ</u>

കുറ്റൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വരവ് ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഗ്രാമപഞ്ചായത്ത് 31-01-2016 മുതൽ 31.08.16വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവും ഉണ്ടായിരിക്കുന്നതല്ല.

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ.വി.കെ. ഷാജി,<br>ഡെപ്യൂട്ടി ഡയറക്ടർ<br>**(ഹ.ഗ്രേ)** |

<u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേര് വിവരം</u>

| | |
|---|---|
| ശ്രീ ജോർജ്ജ്.പി.മാത്യു | ഓഡിറ്റ് ഓഫീസർ **(ഹ. ഗ്രേ.)** |
| ശ്രീ.സജു.ജി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| ശ്രീമതി പി സി സൂര്യപ്രഭ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| ശ്രീ.സുനിൽ കുമാർ. യു. എസ് | ഓഡിറ്റർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം**-** | 22.09.2016 മുതൽ 30.09 .2016 വരെ |

<u>നിർവ്വഹണാധികാരികൾ</u>

| | |
|---|---|
| പ്രസിഡന്റ് | 1) ശ്രീ. ജോ ഇലഞ്ഞിമൂട്ടിൽ, 01-04-2015 മുതൽ 31-10-2015 വരെ.<br>2) ശ്രീമതി ശ്രീലേഖ രഘുനാഥ്, 12-11-2015മുതൽ 31-03-2016 വരെ. |
| സെക്രട്ടറി | 1) ശ്രീ. റ്റി.ജി.പ്രദീപ്, 01-04-2015 മുതൽ 31.05. 2015 വരെയും,<br>22.07.2015 മുതൽ 31.07. 2015 വരെയും, 02.01.2016 മുതൽ 17.02.2016 വരെയും (അസി. സെക്രട്ടറി. ഇൻ ചാർജ്ജ്)<br>2) ശ്രീമതി പി. വൽസല, 01.06.2015 മുതൽ 21.07. 2015 വരെ<br>3)ശ്രീമതി പി. ധർമ്മ കുമാരി, 01.08. 2015 മുതൽ 01.01. 2016 വരെ |

4) ശ്രീമതി ടെസ്സീല. എൻ. എ, 18-02-2016മുതൽ 31-03-2016 വരെ.

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാല്പ ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെകൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം **1:** പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം **2:** വരവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **3:** ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ , മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം **4:** ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ബാലൻസ് ഷീറ്റ് : 2015-16
2. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് : 2015-16
3. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് : 2015-16
4. ഓഡിറ്റ് സർട്ടിഫിക്കറ്റ്

ഉള്ളടക്കം


| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം-**1** | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | പദ്ധതി നിർവ്വഹണ വിവരങ്ങൾ | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | തനത് വരുമാനം | 1-9 |
| 10 | ക്യാഷ് വെരിഫിക്കേഷൻ | 1-10 |
| 11 | ആഭ്യന്തരനിയന്ത്രണം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം-**2** | |
| 13 | തനത് വരുമാനത്തിന് ഒന്നിൽക്കൂടുതൽ അക്കൗണ്ടുകൾ | 2-1 |

| | | |
|---|---|---|
| 14 | തൊഴിൽ നികുതി: അപാകതകൾ | 2-2 |
| 15 | പരസ്യ നികുതി ഈടാക്കുന്നില്ല – ഭീമമായ തനത് വരുമാന നഷ്ടം | 2-3 |
| 16 | കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല | 2-4 |
| | ഭാഗം-**3** | |
| 17 | സർക്കാർ ഉത്തരവില്ലാതെ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകി | 3-1 |
| 18 | സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കിയില്ല. മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ അനാസ്ഥ | 3-2 |
| 19 | അംഗൻവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കപ്പെടുന്നില്ല | 3-3 |
| 20 | ന്യൂട്രിമിക്സ് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-4 |
| 21 | മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ടെക്നിക്കൽ അസിസ്റ്റന്റിന് ലീവ് സറണ്ടർ അനുവദിച്ചു | 3-5 |
| 22 | സാക്ഷരതാമിഷനിൽനിന്നും തിരികെ ലഭിക്കാനുള്ളത് 1.99 ലക്ഷം രൂപ | 3-6 |
| 23 | പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല | 3-7 |
| 24 | വസ്തുനികുതിപരിഷ്കരണം-സർക്കാർ ഉത്തരവില്ലാതെ ഡിമാന്റ് നോട്ടീസ് വിതരണത്തിന് തുക അനുവദിച്ചു | 3-8 |
| 25 | സർക്കാർ ഉത്തരവിലെ നിബന്ധനയ്ക്ക് വിരുദ്ധമായി കരാർ ജീവനക്കാർക്ക് ശമ്പളവർദ്ധനവ് അനുവദിച്ചു | 3-9 |
| 26 | ഡെപ്പോസിറ്റ് പ്രവൃത്തികൾ -56.70 ലക്ഷം രൂപയുടെ ചെലവിന് വിനിയോഗ രേഖകളില്ല | 3-10 |
| 27 | തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ– സബ്സിഡി ആനുകൂല്യം പ്രയോജനപ്പെടുത്താത്തതുമൂലമുണ്ടായ അധിക ബാധ്യത 3.86 ലക്ഷം രൂപ | 3-11 |
| 28 | KSEB സ്ട്രീറ്റ് ലൈറ്റ് - വൈദ്യുതി ചാർജ്ജിനത്തിൽ 5.3 ലക്ഷം രൂപ പ്രതി വർഷം നഷ്ടപ്പെടുന്നു | 3-12 |
| 29 | പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 11.8 ലക്ഷം രൂപ | 3-13 |
| 30 | മീഡിയാശ്രീ പ്രോജക്ട്; വിനിയോഗരേഖകളില്ല | 3-14 |
| 31 | മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി | 3-15 |
| 32 | കൃഷി ഓഫീസിന്റെ അടിസ്ഥാനസൗകര്യ വികസനം - അപാകതകൾ | 3-16 |
| 33 | മണ്ണ് ഫില്ലിംഗ് - കൺവീനർക്ക് അധികതുക നൽകി | 3-17 |
| 34 | കാർഷിക കർമ്മസേനയ്ക്ക് ഷെഡ്ഡ് നിർമ്മിച്ചു; പ്രവർത്തനമില്ല | 3-18 |
| 35 | പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യ വികസനവും ഫർണിഷിംഗും - അപാകതകൾ | 3-19 |
| 36 | പച്ചക്കറി വിപണനകേന്ദ്രം നിർമ്മാണം - പ്രവർത്തനം ഇല്ല | 3-20 |
| 37 | തെരുവ് നായകളുടെ വന്ധ്യംകരണം - തുക വിനിയോഗിച്ചിട്ടില്ല | 3-21 |
| 38 | വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുത്തിട്ടില്ല | 3-22 |
| 39 | അഗതി-ആശ്രയ പദ്ധതി- അവലോകനം | 3-23 |
| 40 | ഇ. എം. എസ് ഭവന പദ്ധതി - ഭൂമി വാങ്ങാൻ വകയിരുത്തിയ തുക ഇ. എം. എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു | 3-24 |
| 41 | കാലിത്തൊഴുത്ത് നിർമ്മാണം (എസ്. സി) , ജലസേചന പമ്പ് സെറ്റ് വിതരണം എന്നീ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല | 3-25 |
| | ഭാഗം-**4** | |
| 42 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും | 4-1 |
| 43 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ലഭിച്ച തുകകളുടെ വിവരം | 4-2 |
| 44 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 45 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 46 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 47 | ഓഡിറ്റ് റിക്കവറി | 4-6 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |

| | | |
|---|---|---|
| 50 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16വർഷത്തെ ബജറ്റ് 26.03.2015 തീയതിയിലെ 1- ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരവും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് കണക്കിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റിൽ പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് (അക്കൗണ്ട്സ് പ്രകാരം) | വ്യത്യാസം | | ശതമാനം |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | ഇല്ല | 14975300 | 14975300 | -- | 100 |
| വരവ് | 78601740 | 24797574 | | 53804166 | 31.54 |
| ആകെ | 78601740 | 39772874 | | 38828866 | 50.6 |
| ചെലവ് | 75885000 | 36972262 | | 38912738 | 48.72 |
| നീക്കിയിരിപ്പ് | 2716740 | 2800612 | 83872 | -- | 3.08 |

മുന്നിരിപ്പ് തുകയിൽ ഭീമമായ അന്തരമാണുള്ളതെന്ന് മേൽപറഞ്ഞ കണക്കുകൾ വ്യക്തമാക്കുന്നു. ഫണ്ടുകളിലെ യഥാർത്ഥ നീക്കിയിരിപ്പ് തുകകൾ പരിഗണിക്കാതെയാണ് ബജറ്റ് തയ്യാറാക്കുന്നതെന്ന് ഇതിൽ നിന്നും വ്യക്തമാണ്. ആയതിന് വിശദീകരണം നൽകേണ്ടതാണ്.

വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ച മുറയ്ക്ക് ബജറ്റ് പുതുക്കി ഭരണ സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ധനകാര്യപത്രിക ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി (അപാകത പരിഹരിച്ച് ലഭ്യമാക്കിയത്) |
|---|---|---|
| 2015-16 | 15.05.16 | 26.07.2016 |

## 1-3 അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ - അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ, താഴെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽ പെട്ടു.

**1.** RP-31 ഷെഡ്യൂൾ പ്രകാരം ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് 4138886 രൂപയാണ് വരവ് കാണിച്ചിരിക്കുന്നത്. എന്നാൽ ACR പ്രകാരം ഇത് 3948886 രൂപയാണ്.

**2.** RP-40: ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ആയി കാണിച്ചിരിക്കുന്ന1760190 രൂപയുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

**3.** B-11: ഫിക്സഡ് അസറ്റ് :-കോൺക്രീറ്റ് റോഡുകളുടെ മൂല്യം കാണിച്ചിരിക്കുന്നത് 1881073/- രൂപയാണ്. മുൻ വർഷവും

ഇതേ തുക തന്നെയാണ് ആസ്തിയായി കാണിച്ചിരിക്കുന്നത്. എന്നാൽ 2015-16 വർഷം 4815982 രൂപയുടെ റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഇതേപോലെ ടാർ റോഡിന്റെ ചെലവുതുകയായ 891695രൂപ മുൻവർഷത്തേതാണ്. എന്നാൽ 2015-16 വർഷം 1968842 രൂപയുടെ ടാറിംഗ് പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റി (സ്ട്രീറ്റ് ലൈറ്റ്) എന്നയിനത്തിൽ 1175994/ രൂപ ആസ്തിയായി കാണിച്ചിരിക്കുന്നതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ആസ്തി രജിസ്റ്റർ പ്രകാരമുള്ള ആസ്തികളുടെ മൂല്യവും ഷെഡ്യൂൾ B11 പ്രകാരമുള്ള കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ആസ്തികളുടെ മൂല്യത്തിൻമേൽ നിയമാനുസൃത ഡിപ്രീസിയേഷൻ വരുത്തിയിട്ടില്ല. ഉദാഹരണത്തിന്, Movable Asset-ന്റെ മൂല്യം മുൻ വർഷത്തെ 927331 രൂപ തന്നെയും, Plant. Machinery & Tools-ന്റെ മൂല്യം 32400രൂപയും തന്നെയാണ് കാണിച്ചിരിക്കുന്നത്.

**4.** B-9: HBA, MCA, Dues to other Panchayats എന്നീയിനങ്ങളിൽ കാണിച്ചിരിക്കുന്ന 3300, 2680, 2000 രൂപ എന്നീ തുകകൾ ഏതിനങ്ങളിൽ ഒടുക്കാനുള്ളതാണെന്ന് പരിശോധനയിൽ വ്യക്തമാക്കിയിട്ടില്ല. മുൻവർഷത്തെ അക്കൗണ്ട്സിലെ തുകകൾ ക്യാരി ഓവർ ചെയ്തിരിക്കുകയാണ്.

**5.** B-18: Advance to others എന്നയിനത്തിൽ കാണിച്ചിരിക്കുന്ന 106600 രൂപ, Water deposit ഇനത്തിലെ 1326454രൂപ, Electricity deposit ഇനത്തിലെ 4450രൂപ എന്നിവയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല

**6.** B-7: ഡെപ്പോസിറ്റ് ഇനത്തിലുള്ള താഴെപ്പറയുന്ന തുകകൾ രജിസ്റ്ററിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ഷെഡ്യൂളിലെ തുക | രജിസ്റ്ററിലെ തുക |
|---|---|---|
| ഇ.എം.ഡി (Suppliers) | 21865 | 20865 |
| മറ്റ് ഡെപ്പോസിറ്റുകൾ | 2900 | 2400 |
| Deposit for Halls and Auditorium | 5750 | 5250 |

**7.** RP-43: Receivables for D&O License (current)- എന്നയിനത്തിൽ ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്നത് 29100രൂപയാണ്. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തി യിരിക്കുന്ന തുക 46000രൂപയാണ്.

**8.** I-1: തൊഴിൽ നികുതി (ജീവനക്കാർ) - എന്നയിനത്തിലെ ഷെഡ്യൂൾ പ്രകാരമുള്ള തുക 471740 രൂപയും രജിസ്റ്റർ പ്രകാരമുള്ള തുക 466960രൂപയുമാണ്.

**9.** RP-26: Prior Period-Recovery of unutilised grants- (-)12600രൂപ, Establishment expenses- (-)17400രൂപ എന്നീ തുകകളുടെ വിശദാംശങ്ങൾ ലഭിച്ചിട്ടില്ല.

**10.** വസ്തുനികുതി ഡിമാന്റ്, ബാലൻസ് തുകകൾ കൃത്യമായി കണക്കാക്കിയിട്ടില്ല. ആയതിനാൽ RP-43, I-1, B-15 എന്നീ ഷെഡ്യൂളുകളിലെ തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

വാർഷികകണക്കിലെ മേൽപറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതാണ്.

# 1-4 സാമ്പത്തിക വിശകലനം

| ഇനം | 2015-16 |
|---|---|
| മുന്നിരിപ്പ് | 14975300 |
| വരവ് | 24797574 |
| ആകെ | 39772874 |
| ചെലവ് | 36972262 |
| നീക്കിയിരിപ്പ് | 2800612 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് (കൺസോളിഡേറ്റഡ് ഫണ്ട്) | ആകെ | ചെലവ് (പി.ഡി) | ചെലവ് (കൺസോ ളി ഡേറ്റഡ് ഫണ്ട്) | നീക്കിയി രി പ്പ് (പി.ഡി) | നീക്കിയിരിപ്പ് (കൺസോളി ഡേറ്റഡ് ഫണ്ട്) |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 2579259 | 5997155 | 8576414 | 2579259 | 1705188 | 0 | 4291967 |
| വികസനഫണ്ട് എസ്.സി.പി. | 2277546 | 5649412 | 7926958 | 1511134 (Rs.766412-TC to VPFA II a) | 2193010 | 0 | 3456402 |
| വികസനഫണ്ട് ടി.എസ്.പി. | 134000 | 250000 | 384000 | Rs.134000 TC toVPFA II a | 0 | 0 | 250000 |
| സംരക്ഷണ ഗ്രാന്റ്- റോഡ് | 1720253 | 5792000 | 7512253 | 2089986 | 4236355 | 0 | 1555645 |
| സംരക്ഷണ ഗ്രാന്റ്(നോൺ റോഡ്) | 1744895 | 2320000 | 4064895 | 1375162 | 1906435 | 0 | 413565 |
| 13th CFCഗ്രാന്റ് | 1930575 | 3515402 | 5445977 | 883652 (Rs.1046923TC to VPFA II a) | 2603974 | 0 | 911428 |
| എൻ.ആർ.ഇ. ജി.എസ് | 0 | 8234771 | 8234771 | 8234771 | - | 0 | - |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷങ്ങളിൽ അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് | അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | ചെലവഴിച്ച തുക | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 2015-16 | 136 | 35237953 | 83 | 8 | 28638179 | 45 | 66.17 |

# 1-7 പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വർഷം | മേഖല | വകയിരുത്തിയത് | ചെലവഴിച്ചത് | ശതമാനം |
|---|---|---|---|---|
| | ഉത്പാദനം | 1881750 | 942089 | 50.06 |
| 2011-12 | സേവനം | 6356746 | 4020474 | 63.24 |
| | പശ്ചാത്തലം | 5238552 | 4859198 | 92.75 |
| 2012-13 | ഉത്പാദനം | 1822010 | 702230 | 38.54 |

| | | | | |
|---|---|---|---|---|
| | സേവനം | 12286064 | 8780028 | 71.46 |
| | പശ്ചാത്തലം | 9177131 | 6705136 | 73.06 |
| | ഉത്പാദനം | 3507318 | 2291631 | 65.33 |
| 2013-14 | സേവനം | 16159729 | 13285955 | 82.21 |
| | പശ്ചാത്തലം | 10731843 | 9047209 | 84.30 |
| | ഉത്പാദനം | 4985683 | 861453 | 17.27 |
| 2014-15 | സേവനം | 14132054 | 8015564 | 56.71 |
| | പശ്ചാത്തലം | 14235785 | 10349879 | 72.70 |
| | ഉത്പാദനം | 7281344 | 2318203 | 31.83 |
| 2015-16 | സേവനം | 17761395 | 13973483 | 78.67 |
| | പശ്ചാത്തലം | 13855338 | 10157071 | 73.30 |

പഞ്ചായത്ത് രാജ് നിയമം മൂലം (കേരള പഞ്ചായത്ത് രാജ് ആക്ട് 166 വകുപ്പ് (1)-ാം ഉപവകുപ്പ് 3-ാം പട്ടിക) ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ കൃഷി, മൃഗസംരക്ഷണം തുടങ്ങി 19 മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളുടെ നിർവ്വഹണത്തിനായിരിക്കണം ഗ്രാമപഞ്ചായത്തുകൾ വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടത്. ഓഡിറ്റ് വർഷം ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിൽ എല്ലാ വികസന മേഖലകൾക്കും അർഹമായ പരിഗണന നൽകിയിട്ടില്ല. കാർഷിക മേഖലയിലെ ഫണ്ടിന്റെ വിനിയോഗം നാമമാത്രമായിരുന്നു. വിദ്യാഭ്യാസം, ക്ഷീരവികസനം, മത്സ്യബന്ധനം തുടങ്ങിയ ഉല്പാദന മേഖലകളെ പൂർണ്ണമായും അവഗണിച്ചു. ഇത് പഞ്ചായത്തിന്റെ സമഗ്രവികസനത്തെ പൂർണ്ണമായും പിന്നോട്ടടിക്കും. പൊതുമരാമത്ത് മേഖലയിൽ റോഡ് നിർമ്മാണത്തിനാണ് വാർഷിക പദ്ധതിയിൽ മുന്തിയ പരിഗണന നൽകിയിട്ടുള്ളത്. എല്ലാ റോഡ് പ്രവൃത്തികളും കൺവീനർമാരാണ് നിർവഹിച്ചിട്ടുള്ളത്. ഇതുമൂലം മത്സരാധിഷ്ഠിത ടെണ്ടർ നടത്തിപ്പിനുള്ള അവസരം നഷ്ടമായി. ടെണ്ടർ ഫോമിനത്തിൽ ലഭിക്കുമായിരുന്ന വരുമാനവും ഇതുമൂലം നഷ്ടമായി.

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 251 | 2200230 |
| വാർദ്ധക്യകാല പെൻഷൻ | 949 | 6448470 |
| വിധവാ പെൻഷൻ | 414 | 4414760 |
| 50വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 15 | 160200 |
| തൊഴിൽ രഹിത വേതനം | 46 | 65880 |
| വികലാംഗ പെൻഷൻ | 172 | 1751880 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധന സഹായം | 2 | 60000 |

# 1-9 തനത് വരുമാനം

സ്ഥാപനത്തിന് ഓഡിറ്റ് വർഷങ്ങളിൽ ലഭിച്ച തനതു വരുമാനത്തിന്റെ വിവരം ചുവടെചേർക്കുന്നു.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 3182265 | 3432035 | 249770 | 7.8(+) |
| നികുതിയേതര വരവുകൾ | 838130 | 780545 | 57585 | 6.8(-) |
| മറ്റ് വരവുകൾ | 6430 | 26979 | 20549 | 319(+) |
| ആകെ | **4026825** | **4239559** | **327904** | -- |

മേൽ കണക്കുകൾ പരിശോധിച്ചാൽ പഞ്ചായത്തിന്റെ തനതു വരുമാനത്തിൽ കാര്യമായ വർദ്ധന ഉണ്ടാകുന്നില്ലെന്നു വ്യക്തമാണ്. വെറും 7 ശതമാനം വർദ്ധനവ് മാത്രമേ തനതു വരുമാനത്തിലുണ്ടായിട്ടുള്ളു. പ്രധാന വരുമാന സ്രോതസ്സുകളായ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയിലെ പിരിവ് നാമമാത്രമാണ്. വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. വസ്തുനികുതിയും,തൊഴിൽ നികുതിയും കൃത്യമായി പിരിച്ചെടുക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ്ധാന്തി അധികൃതരുടെ ഭാഗത്തു നിന്നുമുണ്ടാകുന്നില്ല.

വരുമാന വർദ്ധനവിന് ശക്തമായ നടപടികൾ കൈക്കൊള്ളുകയും അതോടൊപ്പംതന്നെ ഈടാക്കാവുന്ന എല്ലാ നികുതികളും കൃത്യമായി ഈടാക്കേണ്ടതുമാണ്.

# **1-10** ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2016-ൽ 2 p.m ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ, നീക്കിയിരിപ്പ് തുകയായ 12121രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# **1-11** ആഭ്യന്തര നിയന്ത്രണം

വൗച്ചറുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. മിനിട്സ് ബുക്കുകളുടെ പരിപാലനം തൃപ്തികരമല്ല. പല പേജുകളും ശൂന്യമാണ്.(ഉദാ-31.7.15-ലെ മിനിറ്റ്സിനുശേഷം പേജ് 230മുതൽ 297വരെ). കൂടാതെ, 23.2.16 മുതലുള്ള മിനിറ്റ്സുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ക്ലോസ് ചെയ്തിട്ടില്ല. ഇൻകുംബൻസി മാസ്റ്റർ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ഓഡിറ്റ് കാലയളവിൽ ജോലി ചെയ്തിരുന്ന വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഉൾപ്പെടെയുള്ളവരുടെ വിവരങ്ങൾ ഇൻകുംബൻസി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാതിരുന്നത് വീഴ്ചയാണ്. ഇൻകുംബൻസി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും അടുത്ത ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്. വികസന സെമിനാർ, വർക്കിംഗ് ഗ്രൂപ്പുകൾ എന്നിവയുടെ പ്രവർത്തനം ഫലപ്രദമല്ല എന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കുന്നു. അഡ്വാൻസ് രജിസ്റ്ററിന്റെപരിപാലനം കൃത്യമല്ല. ജീവനക്കാർക്ക് നൽകിയ അഡ്വാൻസ് തുകയുടെ വിവരങ്ങൾ മാത്രമേ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുള്ളു. മറ്റു നിർവഹണ ഏജൻസികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ ഇതിൽ ഉൾപ്പെടുത്തിയിട്ടില്ല.

# **1-12** മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.08.2016 മുതൽ 23.08.2016വരെ | 06/2016, 07/2016 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2014 | 2008-09 മുതൽ 2012-13വരെ | 21.04.2014 |

# ഭാഗം-**2**

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തനത് വരുമാനത്തിന് ഒന്നിൽക്കൂടുതൽ അക്കൗണ്ടുകൾ

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26. 5. 2011ലെ സർക്കുലർ നം 58725/എഫ്.എം. 3/2008 പ്രകാരം തനതു വരുമാനം സൂക്ഷിക്കുന്നതിന് ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ, സഹകരണ ബാങ്കിലോ ഒറ്റ അക്കൗണ്ട് മാത്രമേ പാടുള്ളൂ. എന്നാൽ ഗ്രാമ പഞ്ചായത്ത് നിലവിൽ മൂന്ന് അക്കൗണ്ടുകളിലായിട്ടാണ് തനതു വരുമാനം നിക്ഷേപിച്ചിട്ടുള്ളത്. ജില്ലാ സഹകരണ ബാങ്കിന്റെ കുറ്റൂർ ശാഖയിലുള്ള ഒരു അക്കൗണ്ട് കറന്റ് അക്കൗണ്ടുമാണ്(അക്കൗണ്ട് നം.01). കൂടാതെ ഒരു പോസ്റ്റാഫീസ് അക്കൗണ്ടും നിലവിലുണ്ട്. തനതുഫണ്ടിനായി ഒരു ബാങ്ക് അക്കൗണ്ട് മാത്രം നില നിർത്തി ബാക്കി അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

## 2-2 തൊഴിൽ നികുതി: അപാകതകൾ

**a)** ജീവനക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നില്ല 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 205(ഇ) വകുപ്പ് പ്രകാരം, സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ, നോട്ടീസ് വഴി ഓരോ ഓഫീസ് മേധാവിയോടും തന്റെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടെയോ സ്ഥാപനങ്ങളുടെയോ പേരുകളും മേൽവിലാസവും നോട്ടീസിൽ നിർദ്ദേശിക്കുന്ന സമയത്തിനുള്ളിൽ നൽകുന്നതിന് ആവശ്യപ്പെടേണ്ടതും, വിവരങ്ങൾ കൈപ്പറ്റിയാലുടൻ, ആ ആവശ്യത്തിനായി സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ ടി സ്ഥാപനങ്ങളുടെ പേര് രജിസ്റ്റർ ചെയ്യേണ്ടതുമാണ്. കൂടാതെ 205എഫ് വകുപ്പ് പ്രകാരം ഓരോ അർദ്ധവർഷവും മെയ് മാസത്തിലും നവംബർ മാസത്തിലും, നോട്ടീസ് വഴി, ഏതൊരു ഓഫീസ് മേധാവിയോടും തൊഴിലുടമയോടും, തന്റെ സ്ഥാപനത്തിലെ തൊഴിൽ നികുതി നൽകുവാൻ ബാധ്യസ്ഥരായ എല്ലാ ജീവനക്കാരുടേയും നികുതി തിട്ടപ്പെടുത്തുന്നതിനും അടയ്ക്കുന്നതിനും ആവശ്യപ്പെടേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന്, മേൽ നിർദ്ദേശങ്ങൾ പാലിച്ച് തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നികുതി ഈടാക്കേണ്ട അർദ്ധ വർഷം |
|---|---|---|
| 1 | ശ്രീ ഗണേഷ് എന്റർപ്രൈസസ് | IIാം അർദ്ധ വർഷം |
| 2 | പയനിയർ & നാഗാ ഡിസ്ട്രിബ്യൂട്ടേഴ്സ്. | IIാം അർദ്ധ വർഷം |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്ന് അടിയന്തിരമായി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**b)** സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 11 റേഷൻകടകൾ വർഷങ്ങളായി സ്ഥാപന തൊഴിൽ നികുതി ഒടുക്കു വരുത്തിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി നം.19/28.9.16-ന്റെ മറുപടി പ്രകാരം). ഇവയിൽ നിന്ന് നികുതി ഈടാക്കാൻ വേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി ഈടാക്കുന്നില്ല - ഭീമമായ തനത് വരുമാന നഷ്ടം

കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 209 പരസ്യ നികുതി ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. പരസ്യ നികുതി ചുമത്തുമ്പോൾ ഈടാക്കാവുന്ന കുറഞ്ഞ നിരക്ക് ജി.ഒ(പി) 128/02/ത.സ്വ.ഭ.വ/ 25.7.2002 (എസ്.ആർ.ഒ നമ്പർ 654/02) പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. മാതൃകാ ബൈലോ, പഞ്ചായത്ത് ഡയറക്ടറുടെ 18.5.2005-ലെ സി5-15253/04 ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. സെക്ഷൻ 209(ഡി) പ്രകാരം പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം, ബൈലോയ്ക്ക് അംഗീകാരം വാങ്ങിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾക്ക് സ്വന്തമായി ഓരോ വർഷവും കുത്തകയ്ക്ക് നൽകാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങി, പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് മുൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരുന്നെങ്കിലും നാളിതുവരെ പരസ്യ നികുതി ഈടാക്കുന്നതിനുള്ള യാതൊരു നടപടിയും അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ ഏറ്റവും പ്രധാനപ്പെട്ട റോഡായ എം. സി. റോഡ് ഈ പഞ്ചായത്തിന്റെ ഹൃദയ ഭാഗത്തുകൂടിയാണ് കടന്നു പോകുന്നത്. ശബരിമല തീർത്ഥാടകരടക്കം ലക്ഷക്കണക്കിന് യാത്രക്കാർ സഞ്ചരിക്കുന്ന ഈ പാതയുടെ ഇരുവശവും നിരവധി വലിയ പരസ്യ ബോർഡുകൾ സ്ഥാപിച്ചിട്ടുള്ളതായിക്കാണാം. ഇതിൽ നിന്നും യാതൊരു വരുമാനവും പഞ്ചായത്തിന് നാളിതുവരെ ലഭിച്ചിട്ടില്ല. തനതു വരുമാനം കുറവായ ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്ന ഗണ്യമായ വരുമാനം അധികൃതരുടെ അനാസ്ഥ മൂലം നഷ്ടമാകുന്ന അവസ്ഥയാണ് നിലവിലുള്ളത്. പരസ്യനികുതി ഈടാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56(b) പ്രകാരവും കേരള പി.ഡബ്ല്യൂ.ഡി കോഡ് ഖണ്ഡിക 15.4.1 പ്രകാരവും മൂന്നുവർഷത്തിലേറെ പഴക്കമുള്ള തിരിച്ചു വാങ്ങാത്ത ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് മുതലായവ കാലഹരണപ്പെട്ട ഡെപ്പോസിറ്റായി കണക്കാക്കേണ്ടതും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് മാറ്റേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും കാലഹരണപ്പെട്ട ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടിയിട്ടില്ല എന്നത് വ്യക്തമായി. 1996-97മുതലുള്ള തുകകൾ ഇപ്രകാരം തനത് ഫണ്ടിലേയ്ക്ക് ക്രമീകരിക്കുവാൻ അവശേഷിക്കുന്നു. വിശദാംശം ചുവടെ ചേർക്കുന്നു.

| വർഷം | ക്രമീകരിക്കുവാൻ അവശേഷിക്കുന്ന തുക |
|---|---|
| 1996-97 | 200 |
| 1997-98 | 500 |
| 1998-99 | 700 |
| 2001-02 | 200 |
| 2003-04 | 350 |
| 2004-05 | 17975 |
| 2005-06 | 15641 |
| 2006-07 | 20675 |
| 2007-08 | 6804 |
| 2008-09 | 1250 |
| 2009-10 | 12350 |
| 2010-11 | 6000 |
| 2011-12 | 6465 |
| 2012-13 | 3750 |
| ആകെ | **92860** |

ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടമുറികളുടെ ഡെപ്പോസിറ്റ് തുകകൾ ഒഴികെ കാലഹരണപ്പെട്ട മറ്റ് ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേയ്ക്ക് മുതൽകൂട്ടാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ ഉത്തരവില്ലാതെ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകി

പ്രൊജക്റ്റ് നം.20/16

നിർവഹണം : ഹെഡ് മിസ്ട്രസ്, ഗവ. എൽ. പി. സ്കൂൾ പാണ്ടിശ്ശേരി ഭാഗം, കുറ്റൂർ.

2015-16 സാമ്പത്തിക വർഷം പഞ്ചായത്ത് പരിധിയിലുള്ള രണ്ട് പള്ളിയോടങ്ങൾക്ക് 25000രൂപ വീതം ഗ്രാന്റ് നൽകുകയുണ്ടായി. കദളിമംഗലം പള്ളിയോടത്തിനും ശ്രീ വേണുഗോപാലൻ പള്ളിയോട സമിതിക്കുമാണ് ഗ്രാന്റ് നൽകിയിട്ടുള്ളത്. ഇതിനായി 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്ന് 11-01-2016 ലെ 2-ാം നംമ്പർ ബിൽ പ്രകാരം 50000രൂപ പിൻവലിക്കുകയുണ്ടായി. 12ാം പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംമ്പന്ധിച്ച മാർഗ്ഗരേഖ (സ. ഉ (എം. എസ്) നം. 362/2013/ത. സ്വ. ഭ. വ. തീയതി 16-11-2013)പ്രകാരം സബ്സിഡി/ധനസഹായം നൽകുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളിൽ പള്ളിയോടങ്ങൾക്ക് ഗ്രാന്റ് നൽകുന്നത് ഉൾപ്പെടുത്തിയിട്ടില്ല. ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത ഏതെങ്കിലും ഇനത്തിന് സബ്സിഡി നൽകുന്നതിന് സർക്കാരിന്റെ മുൻകൂർ അനുവാദം ആവശ്യമാണ് എന്നിരിക്കേ, അനുവാദം വാങ്ങാതെയാണ് പദ്ധതിപ്പണം ചെലവഴിച്ചിരിക്കുന്നത്. സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കു വിരുദ്ധമായി ചെലവഴിച്ച 50000രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-2 സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കിയില്ല. മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ അനാസ്ഥ

പ്രൊജക്റ്റ് നമ്പർ : SOO 14/2016

നിർവഹണം : മെഡിക്കൽ ഓഫീസർ (അലോപ്പതി)

ബിൽ നമ്പർ : 12/15-16 തീയതി 31-03-2016

ഡി. ഡി. നമ്പർ : 439583/ 06-04-2016

2015-16 സാമ്പത്തിക വർഷം പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് 1ലക്ഷം രൂപയുടെ മരുന്നുകൾ വാങ്ങുന്നതിനായി പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇതിനായി 31-03-2016ൽ ഒരു ലക്ഷം രൂപയുടെ ഡി.ഡി എടുത്ത് മെഡിക്കൽ സർവീസസ് കോർപ്പറേഷന് കൈമാറുകയുണ്ടായി, എന്നാൽ നാളിതുവരെ ഒരു രൂപയുടെ മരുന്നുപോലും മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ സമയബന്ധിതമായി ലഭ്യമാക്കുന്നതിനായി മെഡിക്കൽ ഓഫീസറുടെ ഭാഗത്തുനിന്ന് ഫലപ്രദമായ ഇടപെടലുകൾ ഉണ്ടായതായി ഫയൽ പരിശോധിച്ചതിൽ നിന്നും കാണാൻ കഴിഞ്ഞിട്ടില്ല. കൂടാതെ അവശ്യ മരുന്നുകൾ സമയബന്ധിതമായി ലഭിക്കാത്തതുമൂലം പദ്ധതി ലക്ഷ്യം കാണാതെ പോവുകയാണ് ചെയ്തത്. സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കാത്തതിനാൽ ചെലവ് തുക ഒരു ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 അംഗൻവാടി കെട്ടിടങ്ങളുടെ ഫിറ്റ്നസ് പരിശോധിക്കപ്പെടുന്നില്ല

ഗ്രാമപഞ്ചായത്തിൽ 20 അങ്കണവാടികൾ ഉണ്ട്. അങ്കണവാടികളുടെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഐ.സി.ഡി.എസ്.സൂപ്പർവൈസർക്ക് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (എൻക്വയറി നമ്പർ -10). എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കേറ്റ് നിർവ്വഹണ ഉദ്യോഗസ്ഥ ഹാജരാക്കിയില്ല.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 22.03.2011-ലെ 31055/ഡി.സി.2/2011 നമ്പർ സർക്കുലറിൽ, അങ്കണവാടികൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ സുരക്ഷിതത്വ സംവിധാനങ്ങൾ ഉറപ്പാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. എല്ലാ വർഷവും മേയ് 10-നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എൻജിനീയർ/ഓവർസീയർ വാടക കെട്ടിടങ്ങൾ ഉൾപ്പടെയുള്ള എല്ലാ അങ്കണവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് സർട്ടിഫിക്കേറ്റ് നൽകേണ്ടതുമാണ്. യാതൊരു കാരണവശാലും സുരക്ഷിതത്വമില്ലാത്ത കെട്ടിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിപ്പിക്കാൻ പാടില്ല. മതിയായ സുരക്ഷിതത്വം ഇല്ലാത്തപക്ഷം നിശ്ചയിക്കപ്പെട്ട പ്രകാരമുള്ള സുരക്ഷിതത്വ സംവിധാനങ്ങൾ തദ്ദേശഭരണ സ്ഥാപനം/കെട്ടിട ഉടമ ഏർപ്പെടുത്തേണ്ടതാണ്. ഇപ്രകാരം സുരക്ഷാ നടപടികൾ സ്വീകരിക്കുവാൻ കഴിയുന്നില്ലെങ്കിൽ സുരക്ഷിതമായ മറ്റൊരു സ്ഥലത്തേക്ക് അങ്കണവാടി മാറ്റി പ്രവർത്തിപ്പിക്കണം. അങ്കണവാടികളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി തദ്ദേശഭരണ സ്ഥാപനത്തിന്റെ അദ്ധ്യക്ഷൻ എല്ലാ വർഷത്തെയും മാർച്ച് മാസത്തിന്റെ അവസാനം ഐ.സി.ഡി.എസ്.സൂപ്പർവൈസർ, അങ്കണവാടി പ്രവർത്തകർ, എൻജിനീയർ/ഓവർസീയർ എന്നിവരുടെ ഒരു യോഗം വിളിച്ചുചേർത്ത് സ്ഥിതി വിലയിരുത്തേണ്ടതും വ്യക്തവും സമയബന്ധിതവുമായ ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതുമാണ്. മേയ് 30-നകം ഫിറ്റ്നസ് ഉണ്ടെന്ന് ഉറപ്പാക്കുകയും വേണം.

ഐ.സി.ഡി.എസ് സൂപ്പർവൈസർ ഈ വിവരം ചൂണ്ടിക്കാണിച്ച് അസി. എഞ്ചിനീയർക്ക് കത്തുനൽകിയിരുന്നെങ്കിലും നാളിതുവരെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. അംഗൻവാടി നമ്പർ 51 അപകടാവസ്ഥയിലാണെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാതിരുന്നത് ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്. അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-4 ന്യൂട്രിമിക്സ് ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

കുടുംബശ്രീ ന്യൂട്രിമിക്സ് യൂണിറ്റുകൾ ഉദ്പാദിപ്പിച്ച് അങ്കണവാടികൾ വഴി വിതരണം ചെയ്യുന്ന ന്യൂട്രിമിക്സ് സാമ്പിളുകൾ രണ്ടു മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാൻ സാമൂഹ്യനീതി ഡയറക്ടർ ലെറ്റർ നമ്പർ 3-312/2010/ 18.12.2010 പ്രകാരം ശിശുവികസന ഓഫീസർമാർക്കും, പ്രോഗ്രാം ഓഫീസർമാർക്കും നിർദ്ദേശം നല്കിയിരുന്നു. ഗുണനിലവാരമില്ലാത്ത ഭക്ഷ്യമിശ്രിതത്തിന്റെ വിതരണം തടയുന്നതിനായി സ്വീകരിച്ചതാണ് പ്രസ്തുത നടപടി. എന്നാൽ ഓഡിറ്റ് കാലയളവിൽ ന്യൂട്രിമിക്സിന്റെ ലാബ് ടെസ്റ്റ് നടത്തിയിട്ടില്ല. ഗുണനിലവാരമുള്ള ഭക്ഷ്യമിശ്രിതങ്ങൾ മാത്രമേ വിതരണം നടത്തുന്നുള്ളു എന്ന് ഉറപ്പുവരുത്തുന്നതിന് റിപ്പോർട്ടിന്റെ അഭാവത്തിൽ സാധ്യമല്ല. വീഴ്ച ശ്രദ്ധയിൽപ്പെടുത്തുന്നു. സാമൂഹ്യ നീതി വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശം കർശനമായും പാലിക്കേണ്ടതാണ്.

# 3-5 മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി ടെക്നിക്കൽ അസിസ്റ്റന്റിന് ലീവ് സറണ്ടർ അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റ് ആയ ശ്രീ.സഞ്ചു ജോസഫിന് 2015-16 വർഷം 30 ദിവസം ആർജ്ജിതാവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. കരാർ ജീവനക്കാർക്ക് ആർജ്ജിതാവധി സറണ്ടർ അനുവദിക്കുന്നത് കേരള സർവ്വീസ് ചട്ടം ഭാഗം 1 അനുബന്ധം VIII പ്രകാരമാണ്. ഇതനുസരിച്ച് 1/11 എന്ന നിരക്കിൽ ഒരു വർഷം പരമാവധി 15ദിവസത്തെ ആർജ്ജിതാവധിയ്ക്ക് മാത്രമാണ് അർഹതയുള്ളത്. പരമാവധി 15ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ചെയ്യാനും കഴിയും. ഇതനുസരിച്ച് 13500 രൂപ പ്രതിമാസവേതനമുള്ള ടിയാൾക്ക് 6750 രൂപയ്ക്കാണ് അർഹതയുള്ളത്. എന്നാൽ 30 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ അനുവദിച്ച് 13500/- രൂപ നൽകിയിട്ടുണ്ട്(ചെക്ക് നമ്പർ 1009/31.3.2016). അധികം നൽകിയ 6750രൂപ പഞ്ചായത്ത് ഫണ്ടിൽ തിരികെ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

# 3-6 സാക്ഷരതാമിഷനിൽനിന്നും തിരികെ ലഭിക്കാനുള്ളത് 1.99 ലക്ഷം രൂപ

ഗ്രാമപഞ്ചായത്തിലെ തുടർ വിദ്യാകേന്ദ്രങ്ങളിൽ നിയോഗിക്കപ്പെട്ടിട്ടുള്ള സാക്ഷരതാ പ്രേരക്, അസിസ്റ്റന്റ് പ്രേരക് എന്നിവർക്ക് ജില്ലാ സാക്ഷരതമിഷൻ കോർഡിനേറ്ററുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഫണ്ടിൽ നിന്നും ഓണറേറിയം, റ്റി.എ എന്നിവ നൽകിയിട്ടുണ്ട്. 3/4/14ലെ ജി.ഒ(ആർ.ടി)968/14/തസ്വഭവ ഉത്തരവ് പ്രകാരം തനത്/പൊതു ആവശ്യഫണ്ടിൽ നിന്നും ഓണറേറിയം നൽകുന്നതിന് അനുമതി നൽകിയിരുന്നു. ഈ തുക സാക്ഷരതാ മിഷൻ തിരികെ നൽകണമെന്ന വ്യവസ്ഥ പാലിച്ചിട്ടില്ല. 2014-15 വർഷം മുതൽ ഓണറേറിയം, റ്റി.എ ഇനങ്ങളിൽ സാക്ഷരത പ്രേരക് മാർക്ക് നൽകിയ തുക സാക്ഷരതമിഷനിൽ നിന്നും നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രേരകിന്റെ/അസിസ്റ്റന്റ് പ്രേരകിന്റെ പേര് | പ്രതിമാസ ഓണറേറിയം+ റ്റി.എ | 2014-15, 2015-16 വർഷങ്ങളിൽ നൽകിയ തുക | | |
|---|---|---|---|---|
| | | ഓണറേറിയം | റ്റി.എ | ആകെ |
| ജയശ്രീ.എം.കെ | 2800+100 | 67200 | 2400 | 69600 |
| രാജമ്മ എം.എൻ | 2800+100 | 67200 | 2400 | 69600 |
| സുജ കുര്യൻ | 2400+100 | 57600 | 2400 | 60000 |
| ആകെ | | | | 199200 |

ഈ തുക തിരികെ ഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതും തുക തിരികെ ഈടാക്കിയതിനുശേഷം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-7 പത്രപ്പരസ്യം -അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കുന്നില്ല

ഇൻഫർമേഷൻ & പബ്ളിക് റിലേഷൻ വകുപ്പിന്റെ 22.1.13-ലെ ജി.ഒ(പി)1/13/I &PRD നമ്പർ ഉത്തരവ് പ്രകാരം വകുപ്പ് മുഖേനയോ നേരിട്ടോ മലയാള ദിനപ്പത്രങ്ങളിൽ അച്ചടിയ്ക്കായി നൽകുന്ന പരസ്യങ്ങൾക്ക് 15% ഡിസ്കൗണ്ട് അനുവദിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ ആനുകൂല്യം ഗ്രാമപഞ്ചായത്ത് പ്രയോജനപ്പെടുത്തിയിട്ടില്ല. പത്രപ്പരസ്യം നൽകിയതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

| പരസ്യം നൽകിയ പത്രം | പരസ്യം നൽകിയ തീയതി | വലിപ്പം/നിരക്ക് | നൽകിയ തുക | ചെക്ക് നം/ തീയതി |
|---|---|---|---|---|
| മലയാള മനോരമ | 07/01/2016 | 22.8m2<br>220/m2 | 5016 | 00900<br>തീയതി 9.3.16 |
| ഹിന്ദു | 06/1/2016 | 20m2<br>225/m2 | 4500 | 00887<br>തീയതി 16/02/16 |
| ആകെ | | | 9516 | |

ഡിസ്കൗണ്ട് ആനുകൂല്യം പ്രയോജനപ്പെടുത്തിയിരുന്നുവെങ്കിൽ 9516 രൂപയുടെ പരസ്യ ചെലവിൽ 1427 രൂപയുടെ കുറവുണ്ടാകുമായിരുന്നു എന്നത് തുടർ നടപടികൾക്കായി ശ്രദ്ധയിൽപ്പെടുത്തുന്നു

# 3-8 വസ്തുനികുതിപരിഷ്കരണം-സർക്കാർ ഉത്തരവില്ലാതെ ഡിമാന്റ് നോട്ടീസ് വിതരണത്തിന് തുക അനുവദിച്ചു

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട് 14 വാർഡുകളിലെ 5029 വീടുകളുടെ ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിന് വീടൊന്നിന് 5 രൂപ ക്രമത്തിൽ 25145/- രൂപ ചെലവഴിച്ചിട്ടുണ്ട്.(വൗച്ചർ നം.21500157/22.6.15). ഗ്രാമപഞ്ചായത്തിലെ ജീവനക്കാർക്ക തന്നെയാണ് തുക നൽകിയിട്ടുള്ളത്. ഡിമാന്റ് നോട്ടീസ് വിതരണം ചെയ്യുന്നതിന് വീടൊന്നിന് 5രൂപ ചെലവഴിക്കാൻ അനുമതി നൽകികൊണ്ടുള്ള സർക്കാർ ഉത്തരവ് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നുവെങ്കിലും ഉത്തരവ് ഹാജരാക്കുകയുണ്ടായില്ല. വസ്തു നികുതി നിർണ്ണയത്തിന്റെ ഭാഗമായി വീടുകളുടെ അടിസ്ഥാന വിവരശേഖരണം നടത്തി ഫോറം VI തയ്യാറാക്കുന്നതിനും ആയതിന്റെ പരിശോധനയ്ക്കുമായി വീടൊന്നിന് 10 രൂപ നിരക്കിൽ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവില്ലാതെ ഡിമാന്റ് നോട്ടീസ് വിതരണത്തിന് 5 രൂപ ചെലവഴിച്ചത് ക്രമപ്രകാരമല്ലാത്തതിനാൽ ചെലവ് തുക 25145രൂപ തടസ്സത്തിൽ വയ്ക്കുന്നു.

# 3-9 സർക്കാർ ഉത്തരവിലെ നിബന്ധനയ്ക്ക് വിരുദ്ധമായി കരാർ ജീവനക്കാർക്ക് ശമ്പളവർദ്ധനവ് അനുവദിച്ചു

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി ത്രിതല പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് നിലവിൽ നൽകുന്ന വേതനം 10% വർദ്ധിപ്പിക്കുന്നതിന് 3/3/2016-ലെ സ.ഉ(കൈ) 48/16/തസ്വഭവ- നമ്പർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാർ നിഷ്കർഷിക്കുന്ന ഭരണച്ചെലവുകൾ അനുവദനീയമായ പരിധിയിൽ നിന്നും(ആകെ ചെലവിന്റെ 4%) അധികരിക്കാൻ പാടില്ല എന്ന നിബന്ധനയോടെയാണ് ഈ അനുമതി നൽകിയത്. ആകെ ചെലവിന്റെ 8 ശതമാനത്തോളം ഭരണചെലവ് അധികരിച്ചിട്ടും മാർച്ച് മാസത്തെ ശമ്പളം മുതൽ ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വർദ്ധിപ്പിച്ച നിരക്കിലാണ് നൽകിയിരിക്കുന്നത്. വർദ്ധിച്ച തുകയ്ക്ക് ആനുപാതികമായാണ് (15ദിവസം) 2015-16 വർഷത്തെ ലീവ് സറണ്ടർ ആനുകൂല്യവും നൽകിയത്. വിശദാംശം ചുവടെ ചേർക്കുന്നു.

| 2015-16വർഷത്തെ ആകെ ചെലവ് | ഭരണച്ചെലവ് | അനുവദനീയമായത് |
|---|---|---|
| 8234771 | 611650 | 329390 |

കരാർ ജീവനക്കാരുടെ നിലവിലുണ്ടായിരുന്ന ശമ്പളം, വർദ്ധിപ്പിച്ച തുക എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ വിവരം | നിലവിലുണ്ടായിരുന്ന വേതനം | അനുവദനീയമായ സറണ്ടർ | വർദ്ധിച്ച് നൽകിയ വേതനം (3/16-ലെ വേതനം മുതൽ) | സറണ്ടർ ഇനത്തിൽ നൽകിയത് | പ്രതിമാസം അധികം നൽകുന്ന ശമ്പളം | സറണ്ടർ അധികം നൽകിയത് |
|---|---|---|---|---|---|---|
| രാജീവ് പി.കെ, അസിസ്റ്റന്റ് എൻജിനീയർ | 15000 | 7500 | 16500 | 8250 | 1500 | 750 |
| രശ്മി ഗോപി, ഓവർസിയർ | 12000 | 6000 | 13200 | 6600 | 1200 | 600 |
| അംബിക പി.എൻ, | 12000 | 6000 | 13200 | 6600 | 1200 | 600 |

| | | | | | | |
|---|---|---|---|---|---|---|
| അക്കൗണ്ടന്റ് | | | | | | |
| ലെനി ബേബി, അക്കൗണ്ടന്റ് | 12000 | 6000 | 13200 | 6600 | 1200 | 600 |

സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് വിരുദ്ധമായി അധികനിരക്കിൽ ശമ്പളം, സറണ്ടർ എന്നിവ നൽകിയത് ക്രമപ്രകാരമല്ല. അധികം നൽകിയ തുക അടിയന്തിരമായി തിരികെ ഈടാക്കേണ്ടതും സർക്കാർ ഉത്തരവിലെ നിബന്ധനകൾക്ക് അനുസരിച്ച് ശമ്പളം, സറണ്ടർ എന്നിവ അനുവദിക്കേണ്ടതുമാണ്. അല്ലാത്തപക്ഷം അധികനിരക്കിൽ വേതനം അനുവദിച്ച ഉദ്യോഗസ്ഥരുടെ ബാധ്യതയാകുന്നതാണ്.

# 3-10 ഡെപ്പോസിറ്റ് പ്രവൃത്തികൾ -56.70 ലക്ഷം രൂപയുടെ ചെലവിന് വിനിയോഗ രേഖകളില്ല

ഗ്രാമ പഞ്ചായത്ത് 2009-10 വർഷം മുതൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി. എന്നീ നിർവ്വഹണ ഏജൻസികളിൽ തുകകൾ നിക്ഷേപിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പൂർത്തീകരണ രേഖകൾ നാളിതുവരെ ലഭിച്ചിട്ടില്ല. 56.70ലക്ഷം രൂപയാണ് ഇപ്രകാരം ക്രമീകരിക്കാതെ നിർവ്വഹണ ഏജൻസികളുടെ കൈവശമുള്ളത്. വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ടുകളുടെ വിശദാംശം | ഡെപ്പോസിറ്റ് ചെയ്ത വർഷം | തുക | നിർവ്വഹണ ഏജൻസി |
|---|---|---|---|---|
| 1 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 2009-10 | 136180 | കെ.എസ്.ഇ.ബി കല്ലിശ്ശേരി |
| 2 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 2010-11 | 371470 | കെ.എസ്.ഇ.ബി കല്ലിശ്ശേരി |
| 3 | പൈപ്പ് ലൈൻ നീട്ടൽ | 2010-11 | 600000 | വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷൻ |
| 4 | പൈപ്പ് ലൈൻ നീട്ടൽ | 2011-12 | 134000 | വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷൻ |
| 5 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 2011-12 | 90495 | കെ.എസ്.ഇ.ബി കല്ലിശ്ശേരി |
| 6 | പള്ളിയമ്പിൽപ്പടി പാലനിൽക്കുന്നതിൽപ്പടി പൈപ്പ് ലൈൻ നീട്ടൽ | 2011-12 | 125000 | വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷൻ |
| 7 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 2012-13 | 99235 | കെ.എസ്.ഇ.ബി കല്ലിശ്ശേരി |
| 8 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 2012-13 | 248261 | കെ.എസ്.ഇ.ബി കല്ലിശ്ശേരി |
| 9 | പൈപ്പ് ലൈൻ നീട്ടൽ | 2012-13 | 200000 | വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷൻ |
| 10 | പൈപ്പ് ലൈൻ നീട്ടൽ | 2013-14 | 1543330 | വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷൻ |
| 11 | പൈപ്പ് ലൈൻ നീട്ടൽ(പ്രത്യേക ഘടക പദ്ധതി ഫണ്ട്) | 2013-14 | 1000000 | വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷൻ |
| 12 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 2014-15 | 29750 | കെ.എസ്.ഇ.ബി കല്ലിശ്ശേരി |

| | | | | |
|---|---|---|---|---|
| 13 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 2014-15 | 147583 | കെ.എസ്.ഇ.ബി കല്ലിശ്ശേരി |
| 14 | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 2015-16 | 334074 | കെ.എസ്.ഇ.ബി കല്ലിശ്ശേരി |
| 15 | തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 2015-16 | 81810 | കെ.എസ്.ഇ.ബി കല്ലിശ്ശേരി |
| 16 | പൈപ്പ് ലൈൻ നീട്ടൽ | 2015-16 | 529000 | വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷൻ |
| ആകെ | | | 5670188 | |

നിർവ്വഹണ ഏജൻസിയുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് പ്രോജക്ടുകളുടെ തുക കൈമാറിയത്. എന്നാൽ തുക നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും ആയതിന്റെ പൂർത്തീകരണ രേഖകൾ (പ്രവൃത്തികളുടെ ഫൈനൽ ബില്ലിന്റെ പകർപ്പ്, എം ബുക്കിന്റെ പകർപ്പ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ) വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി എന്നീ നിർവ്വഹണ ഏജൻസികൾ ഗ്രാമപഞ്ചായത്തിന് നൽകിയിട്ടില്ല. നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകയുടെ വിവരം അഡ്വാൻസ് രജിസ്റ്ററിൽ രേഖപ്പെടുത്താത്തത് മൂലം ഇതിൻമേൽ തുടർനിരീക്ഷണം സാധ്യമാകുന്നില്ലെന്നത് ഗൗരവകരമാണ്. പൂർത്തീകരണ രേഖകൾ നിർവ്വഹണ ഏജൻസികളിൽ നിന്നും വാങ്ങേണ്ടതും നീക്കിയിരിപ്പുള്ള തുക കൺസോളിഡേറ്റഡ് ഫണ്ടിൽ തിരിച്ചടക്കേണ്ടതുമാണ്.

## **3-11** തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കൽ–സബ്സിഡി ആനുകൂല്യം പ്രയോജനപ്പെടുത്താത്തതുമൂലമുണ്ടായ അധിക ബാധ്യത **3.86** ലക്ഷം രൂപ

തെരുവുവിളക്കുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനുള്ള 07-07-2010 ലെ 43742/DC3/ത.സ്വ.ഭ.വ സർക്കുലറിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തുകൾക്ക് മീറ്ററിംഗ് സമ്പ്രദായം ഏർപ്പെടുത്തുന്നതിനായി ആകെ തുകയുടെ 50% തുക അടവാക്കിയാൽ മതിയായിരുന്നു. 31.12.14വരെ ഈ ആനുകൂല്യത്തിനുള്ള സമയപരിധി ദീർഘിപ്പിച്ചു നൽകിയെങ്കിലും ഗ്രാമപഞ്ചായത്ത് ടി പദ്ധതിയുടെ ആനുകൂല്യം പ്രയോജനപ്പെടുത്താതിരുന്നതിനാൽ 386900രൂപ അധികമായി ചെലവഴിക്കേണ്ടി വന്നു.

തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി കല്ലിശ്ശേരി സെക്ഷൻ സമർപ്പിച്ച എസ്റ്റിമേറ്റിന്റേയും നിക്ഷേപിച്ച തുകയുടെയും വിവരം ചുവടെ ചേർക്കുന്നു.

| ട്രാൻസ്ഫോർമറിന്റെ എണ്ണം | സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ യൂണിറ്റിന്റെ എണ്ണം | യൂണിറ്റ് വില | ആകെ തുക | ഡി.ഡി നമ്പർ/തീയതി |
|---|---|---|---|---|
| 39 | 73 | 10600 | 773800 | 600000രൂപ-<br>358918/04.09.15<br>173800രൂപ-<br>437394/30.1.2106 |

കെ.എസ്.ഇ.ബി-യുമായി എഗ്രിമെന്റ് വയ്ക്കാതെയാണ് തുക കൈമാറിയത് . ഇതുമൂലം തുക നിക്ഷേപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനെതിരേ നിയമ നടപടികൾ സ്വീകരിക്കുന്നതിന് ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. എസ്റ്റിമേറ്റ് തുകയുടെ 50% മാത്രം അടച്ചാൽ മതിയെന്ന ആനുകൂല്യം യഥാസമയം പ്രയോജനപ്പെടുത്താതിരുന്നത് മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിന് നഷ്ടമായ 386900/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ ഭരണ വകുപ്പിനോട് ശുപാർശ ചെയ്യുന്നു.

# 3-12 KSEB സ്ട്രീറ്റ് ലൈറ്റ്- വൈദ്യുതി ചാർജ്ജിനത്തിൽ 5.3 ലക്ഷം രൂപ പ്രതി വർഷം നഷ്ടപ്പെടുന്നു.

ഗ്രാമപഞ്ചായത്തിലെ നിലവിലെ വൈദ്യുതി നിരക്ക് 80191/- രൂപയാണ്. ഇതിനാനുപാതികമായ ചാർജ് ഷീറ്റ് കെ.എസ്.ഇ.ബി കല്ലിശ്ശേരി,ഇലക്ട്രിക്കൽ സെക്ഷനിൽ നിന്ന് ലഭ്യമാക്കിയത് പരിശോധിച്ചതിൽ, ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള 1303 തെരുവ് വിളക്കുകളിൽ 612 എണ്ണം ഓർഡിനറി ബൾബുകളാണെന്ന നിലയിൽ വലിയ നിരക്ക് ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

| Bulb Item | Watts | Number | Rate | Total |
|---|---|---|---|---|
| Ordinary | 40 | 408 | 61/- | 24888 |
| Ordinary | 60 | 203 | 94/- | 19082- |
| Ordinary | 100 | 1 | 156/- | 156/- |
| Total | | 612 | | 44126 |

ഗ്രാമപഞ്ചായത്തിൽ കഴിഞ്ഞ 3 വർഷമായി Ordinary Bulb കൾ വാങ്ങി നൽകിയിട്ടില്ല. ഇതു പ്രകാരം ഓർഡിനറി ബൾബുകൾ ഇല്ല എന്ന നിഗമനത്തിലെത്താവുന്നതാണ്. ഇല്ലാത്ത 612 ബൾബുകൾക്ക് ഗ്രാമപഞ്ചായത്ത് പ്രതിമാസം വൈദ്യുതിചാർജിനത്തിൽ ചെലവഴിക്കുന്നത് 44126രൂപയാണ്. അതായത് പ്രതിവർഷം 529512രൂപ നഷ്ടപ്പെടുന്നു. ഇത് ഗുരുതരമായ സ്ഥിതിവിശേഷമാണ്. മീറ്ററിംഗ് സ്ഥാപിക്കുന്നതിനായി 779000രൂപ കെ.എസ്.ഇ.ബിയിൽ നിക്ഷേപിച്ചുവെങ്കിലും പ്രോജക്ട് നാളിതുവരെ നടപ്പിലായിട്ടില്ല. ഭരണസമിതി മുൻകൈയെടുത്ത് KSEB മായി കൂടിയാലോചിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-13 പൊതു ടാപ്പുകളുടെ വെള്ളക്കരം- വാർഷിക ബാദ്ധ്യത 11.8 ലക്ഷം രൂപ

പൊതുടാപ്പുകളുടെ വെള്ളക്കരം ഇനത്തിൽ പ്രതിമാസം 98438 രൂപയാണ് വാട്ടർ അതോറിറ്റിയിൽ ഒടുക്കുന്നത്. ഒരു ടാപ്പിന് പ്രതിവർഷം 5250 രൂപ നിരക്കിൽ 225 ടാപ്പുകളുടെ തുകയാണിത്. വാട്ടർ അതോറിറ്റിയുമായി ചേർന്ന് 9/3/12 ന് സംയുക്ത പരിശോധന നടത്തി ആകെയുള്ള 220 വാട്ടർ ടാപ്പുകളിൽ 154 എണ്ണം പ്രവർത്തനക്ഷമമാണന്ന് നിജപ്പെടുത്തിയിരുന്നു. അതനുസരിച്ച് 80118രൂപയാണ് വാട്ടർ ചാർജ് അടച്ചുകൊണ്ടിരുന്നത്. 10/15 മുതൽ വാട്ടർ അതോറിറ്റി, ടാപ്പുകളുടെ എണ്ണം 154 ൽ നിന്നും 225ലേയ്ക്ക് ഉയർത്തുകയും വാട്ടർ ചാർജ് 98438 രൂപയായി പുനർനിർണ്ണയിക്കുകയും ചെയ്തു. ഈയിനത്തിൽ ഒരു വർഷം 11 ലക്ഷത്തോളം രൂപ തനത് ഫണ്ടിൽ നിന്നും ചെലവാകുന്നുണ്ട്. വാട്ടർ ടാപ്പുകൾ മിക്കതും പ്രവർത്തനക്ഷമമല്ലെന്ന് എക്സിറ്റ് മീറ്റിംഗിൽ വാർഡ് മെമ്പർമാർ അറിയിച്ചു. അടിയന്തിരമായി സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തി വെള്ളക്കരത്തിന്റെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്. കൂടാതെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി - സബ്സിഡിയും അനുബന്ധ വിഷയങ്ങളും- പരിഷ്ക്കരിച്ച മാർഗരേഖ സംബന്ധിച്ച 16.11.2013 ലെ ജി.ഒ.(എം.എസ്.) 362/2013/ ത.സ്വ.ഭ.വ. നം ഉത്തരവിൽ, ഹൗസ് കണക്ഷൻ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും വാട്ടർ അതോറിറ്റിയുടെ കുടിവെള്ള പൈപ്പ് ലൈനിൽ നിന്നും ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പ്രവൃത്തി ചെയ്തിട്ടുണ്ടെന്നുമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് സബ്സിഡിക്ക് അർഹതയുള്ളവർക്ക് അനുവദനീയമായ സബ്സിഡി (പൊതുവിഭാഗത്തിന് 4000 രൂപയും പട്ടികജാതി/ പട്ടിക വർഗ്ഗ വിഭാഗത്തിന് 6000 രൂപയും) നൽകാവുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഇതു പ്രകാരം അർഹതയുള്ള ഗുണഭോക്താക്കൾക്ക് ഹൗസ് കണക്ഷൻ എടുക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കുന്നതിലൂടെ മാത്രമേ ഈ പ്രശ്നം ശാശ്വതമായി പരിഹരിക്കുവാൻ കഴിയൂ. ഈ വിഷയത്തിലേയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-14 മീഡിയാശ്രീ പ്രോജക്ട്; വിനിയോഗരേഖകളില്ല

2015-16 വാർഷിക പദ്ധതിയുടെ ഭാഗമായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മീഡിയാശ്രീ എന്ന പ്രോജക്ട് (94/16) പ്രകാരം 65000 രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് നൽകിയിട്ടുണ്ട്. 5/12/2014-ലെ സ.ഉ(സാധാ.) നം 3206/2014/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം കുടുംബശ്രീ സ്റ്റേറ്റ് മിഷന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ചരിത്രവും വർത്തമാനവും പദ്ധതികളും നിലവിലെ ഭരണസമിതിയുടെ നേട്ടങ്ങളും ഡോക്യുമെന്ററി ചിത്രങ്ങളായി പുറത്തിറക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ആവശ്യത്തിലേക്കാണ് തുക നൽകിയത്.(ഡി.ഡി നം.440059/12.04.2016) എന്നാൽ തുകയുടെ വിനിയോഗരേഖകൾ ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ്തുക തടസ്സപ്പെടുത്തുന്നു.

# 3-15 മരാമത്തു പ്രവൃത്തി- റോഡ് കോൺക്രീറ്റിംഗിന് അധികനിരക്ക് നൽകി-

Public Works (H) Department-ന്റെ 17.4.13-ലെ GO(P) 36/2013/PWD- ഉത്തരവനുസരിച്ച് CPWD Data (DSR) പ്രകാരമാണ് ഗ്രാമപഞ്ചായത്തിൽ 2015-16വർഷം മരാമത്തു പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രതിഫലം നൽകിയിരിക്കുന്നത്. CPWD, Analysis of Rates-2014, Vol-I പ്രകാരം 1:2:4 റോഡ് കോൺക്രീറ്റിംഗിന് (DSR Code : 4.1.3) Base rate 4753.29/ m3 ആണ് (കൺവീനർ പ്രവൃത്തികൾക്ക്). PWD ചീഫ് എഞ്ചിനീയറുടെ 15.12.14-ലെ CD/Admin/PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 1.4.2014 മുതൽ ബാധകമായ കോസ്റ്റ് ഇൻഡക്സ് 40.95% ആണ്. ആയതുപ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/m3 ആണ്.(4753.29X1.4095). എന്നാൽ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ 1:2:4 റോഡ് കോൺക്രീറ്റിംഗിന്റെ നിരക്കിനു പകരം, തറ കോൺക്രീറ്റ് ചെയ്ത് നിരപ്പാക്കുന്നതിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. (Flooring; DSR Code: 11.7). അതായത്, 7058.80/m3 എന്ന നിരക്കാണ് അനുവദിച്ചു നൽകിയത്. ആയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. വിവിധ പ്രവൃത്തികളിൽ അധികം ചെലവഴിച്ച താഴെ പറയുന്ന തുകകൾ നിരാകരിക്കുന്നു.

| ക്രമ നം. | പ്രൊജക്ട് നം./പേര്/ അടങ്കൽ തുക/ ഫണ്ട് | കൺവീനർ/എം.ബുക്ക് നം./ ബിൽ നം. തീയതി,തുക | കോൺക്രീറ്റിം ഗിന്റെ അളവ്, അനുവദിച്ച നിരക്ക്, തുക | അനുവദിക്കാവുന്ന തുക (@6699.76/ m3) | അധികം നൽകിയ തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | S.044/16- കന്നാകുഴി പൊയ്പ്പള്ളിൽ റോഡ് കോൺക്രീറ്റിംഗ്.<br>രൂ.470000<br>(മെയിന്റനൻസ് ഗ്രാന്റ്) | സുരേന്ദ്രൻ.പി.എ,<br>പൊയ്പ്പള്ളിൽ.<br>എം.ബുക്ക് നം.53/15-16<br>ബിൽ നം.11-10/15 തീയതി 21.10.15- രൂ.463578 | 30.75m3<br>@7058.78/m3<br>= 217057.48 | 206017.62 | 11040 |
| 2. | S.043/16- കാസിയപ്പടി കറ്റോട്ട്മൺ റോഡ് കോൺക്രീറ്റിംഗ്<br>രൂ.365000<br>(വികസനഫണ്ട്) | പൊടിയൻ.റ്റി.ജെ, ഉണ്ടിയുഴത്തിൽ.<br>എം.ബുക്ക് നം.149/15-16<br>ബിൽ നം.28-2/16 തീയതി 19.2.16- രൂ.365000 | 22.50m3<br>@7058.78/m3<br>= 158822.55 | 150744.60 | 8078 |
| 3 | S.143/16- കൃഷ്ണസദനം ചേന്നൻപാറ റോഡ് കോൺക്രീറ്റിംഗ്.<br>രൂ.495000<br>(മെയിന്റനൻസ് ഗ്രാന്റ്) | ഓമന, ചേന്നൻപാറ.<br>എം.ബുക്ക് നം.104/15-16<br>ബിൽ നം.22-2/16 തീയതി 11.2.16- രൂ.494060 | 27m3<br>@7058.78/m3<br>= 190587.06 | 180893.52 | 9694 |
| 4 | S.054/16- നെച്ചോലിപ്പടി ദയറാപ്പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.400000<br>(മെയിന്റനൻസ് ഗ്രാന്റ്) | സുകുമാരൻ നായർ, സുകുമാരഭവൻ.<br>എം.ബുക്ക് നം.115/15-16<br>ബിൽ നം.26-2/16 തീയതി 11.2.16- രൂ.324855 | 24.75m3<br>@7058.78/m3<br>= 174704.80 | 165819.06 | 8886 |
| 5 | S.107/16- മണിമന്ദിരം പടിഞ്ഞാറ്റേതിൽ പടി റോഡ് കോൺക്രീറ്റിംഗ്<br>രൂ.370000<br>(മെയിന്റനൻസ് ഗ്രാന്റ്) | ഉണ്ണികൃഷ്ണൻ.ബി, പടിഞ്ഞാറേതിൽ അമ്പാടി.<br>എം.ബുക്ക് നം.121/15-16<br>ബിൽ നം.24-2/16 തീയതി 11.2.16- രൂ.369410 | 22.50m3<br>@7058.78/m3<br>= 158822.55 | 150744.60 | 8078 |
| 6 | S.139/16- എ.എം.എം.ഹൈസ്കൂൾ ചൂരയ്ക്കൽ റോഡ് കോൺക്രീറ്റിംഗ്<br>രൂ.394000<br>(മെയിന്റനൻസ് ഗ്രാന്റ്) | സാജൻ തോമസ്,<br>ആല്പംമൂട്ടിൽ.<br>എം.ബുക്ക് നം.131/15-16<br>ബിൽ നം.33-3/16 തീയതി 18.3.16- രൂ.394000 | 25.875m3<br>@7058.78/m3<br>= 182645.93 | 173356.29 | 9290 |

| | | | | | |
|---|---|---|---|---|---|
| 7 | S.113/16- മാമ്പറമ്പ് മന്നത്താംചിറ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000<br>(ധനകാര്യകമ്മീഷൻ ഗ്രാന്റ്) | വി.വി.ജയകുമാർ,<br>വാഴയിൽ മാമ്പറമ്പിൽ.<br>എം.ബുക്ക് നം.132/15-16<br>ബിൽ നം.23-2/16 തീയതി 11.2.16-രൂ.200000 | 12.1875m3<br>@7058.78/m3<br>= 86028.88 | 81653.33 | 4376 |
| 8 | S.136/16- കണ്ടത്തിൽ പടി മുക്കാഞ്ഞിരത്തു പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.350000<br>(മെയിന്റനൻസ് ഗ്രാന്റ്) | സുധീപ്, തോട്ടുങ്കൽ.<br>എം.ബുക്ക് നം.222/15-16<br>ബിൽ നം.40-3/16 തീയതി 29.3.16-രൂ.310173 | 14.144m3<br>@7058.78/m3<br>= 99839.38 | 94761.41 | 5078 |
| 9 | S.052/16- മലയിൽ കളീക്കൽ ചിറ്റക്കാട്ട് റോഡ് കോൺക്രീറ്റിംഗ്.<br>രൂ.175000<br>(മെയിന്റനൻസ് ഗ്രാന്റ്) | ശോഭനകുമാരി, മലയിൽ കളീക്കൽ.<br>എം.ബുക്ക് നം.114/15-16<br>ബിൽ നം.14-12/15 തീയതി 1.1.16-രൂ.173623 | 10.575m3<br>@7058.78/m3<br>= 74646.59 | 70849.96 | 3797 |
| 10 | S.105/16- കൊക്കരി കണ്ടത്തിൽ തിരുവംപാട്ട് നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.116000<br>(മെയിന്റനൻസ് ഗ്രാന്റ്) | കെ.സി.ഗീവർഗീസ്,<br>കോക്കായത്തിൽ കണ്ടത്തിൽ.<br>എം.ബുക്ക് നം.91/15-16<br>ബിൽ നം.12-12/15 തീയതി 31.12.15-രൂ.116000 | 5.58m3<br>@7058.78/m3<br>= 39387.99 | 37384.66 | 2003 |
| 11 | S.042/16- കാവിലേത്തു പടി വലിയകുന്നത്തു പടി നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.119000<br>(വികസനഫണ്ട്) | വാസുദേവൻ.കെ.ജി,<br>വനജാ വിലാസം.<br>എം.ബുക്ക് നം.173/15-16<br>ബിൽ നം.46-3/16 തീയതി 29.3.16-രൂ.119000 | 6m3<br>@7058.78/m3<br>= 42352.68 | 40198.56 | 2154 |
| 12 | S.041/16- താഴത്തുമല പടി അടിച്ചിറ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.200000<br>(വികസനഫണ്ട്) | എബ്രഹാം തോമസ്,<br>അടിച്ചിറ.<br>എം.ബുക്ക് നം.128/15-16<br>ബിൽ നം.13-12/15 തീയതി 31.12.15- | 12.085m3<br>@7058.78/m3<br>= 85305.35 | 80966.60 | 4339 |

| | | | | | |
|---|---|---|---|---|---|
| | | രൂ.198493 | | | |
| 13 | S.046/16- എ.എം.എം. ഹൈസ്കൂൾ പടിഞ്ഞാറ് നടപ്പാത കോൺക്രീറ്റിംഗ്.<br>രൂ.106000<br>(മെയിന്റനൻസ് ഗ്രാന്റ്) | ജോൺസൺ.പി. എബ്രഹാം, പാറയ്ക്കൽ.<br>എം.ബുക്ക് നം.116/15-16<br>ബിൽ നം.15-12/15 തീയതി 31.12.15- രൂ.104953 | 5.025m3<br>@7058.78/m3<br>= 35470.36 | 33666.29 | 1804 |
| 14 | S.037/16- ചിറ്റക്കാട്ട് കിണറ്റുകാലാ പടി റോഡ്കോൺക്രീറ്റിംഗ്<br>രൂ.82000<br>(വികസനഫണ്ട്) | എബ്രഹാം ചാക്കോ, കിണറ്റുകാലായിൽ.<br>എം.ബുക്ക് നം.101/15-16<br>ബിൽ നം.17-12/15 തീയതി 31.12.15- രൂ.78778 | 3.30m3<br>@7058.78/m3<br>= 23293.97 | 22109.21 | 1185 |
| 15 | S.137/16- കഴുത്തുമൂട്ടിൽ പടി കനാൽ റോഡ് മെയിന്റനൻസ്.<br>രൂ.70000<br>(മെയിന്റനൻസ് ഗ്രാന്റ്) | തലയാർ ജോസ് കഴുത്തുമൂട്ടിൽ.<br>എം.ബുക്ക് നം.215/15-16<br>ബിൽ നം.39-3/16 തീയതി 29.3.16- രൂ.69736 | 3.685m3<br>@7058.78/m3<br>= 26011.60 | 24688.62 | 1323 |
| 16 | S.040/16- പാണ്ടിശ്ശേരി പട്ടുകാലാ റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000<br>(വികസനഫണ്ട്) | ജെറി.പി.കുര്യൻ, പട്ടുകാലായിൽ.<br>എം.ബുക്ക് നം.124/15-16<br>ബിൽ നം.16-12/15 തീയതി 31.12.15- രൂ.100000 | 4.80m3<br>@7058.78/m3<br>= 33882.14 | 32158.85 | 1723 |
| 17 | S.053/16- വെൺപാല പടി കുറുന്തറ പടി റോഡ് കോൺക്രീറ്റിംഗ്.<br>രൂ.100000<br>(മെയിന്റനൻസ് ഗ്രാന്റ്) | ജയശങ്കർ, അടിച്ചിറ പുത്തൻവീട്.<br>എം.ബുക്ക് നം.172/15-16<br>ബിൽ നം.37-3/16 തീയതി 29.3.16- രൂ.99614 | 5.10m3<br>@7058.78/m3<br>= 35999.77 | 34168.78 | 1831 |
| | | | | ആകെ | 84679 |

നിരാകരിച്ച തുക ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നോ, അല്ലാത്തപക്ഷം അസിസ്റ്റന്റ് എഞ്ചിനീയർ, സാങ്കേതികാനുമതി നൽകിയ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നോ ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

# 3-16 കൃഷി ഓഫീസിന്റെ അടിസ്ഥാനസൗകര്യ വികസനം - അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നം. | S.130/16 |
| അടങ്കൽ തുക | രൂ.420295 (മെയിന്റനൻസ് ഫണ്ട്- നോൺ റോഡ്) |
| കൺവീനർ | കെ.സി.ലൂക്കോസ്, കുന്നുകണ്ടത്തിൽ |
| എം.ബുക്ക് നം. | 103/15-16 |
| ബിൽ നം. | 21/2-16 തീയതി 11.2.16- രൂ.345484 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രസ്തുത പ്രവൃത്തിയുടെ ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

കൃഷി ഓഫീസിന്റെ അടിസ്ഥാനസൗകര്യവികസനം എന്നാണ് പ്രൊജക്ടിന്റെ പേരെങ്കിലും, കൃഷി ഓഫീസിൽ സീലിംഗ്, പാർട്ടീഷൻ എന്നിവ കൂടാതെ ഗ്രാമപഞ്ചായത്തംഗങ്ങൾക്ക് വിശ്രമിക്കുന്നതിന് പഞ്ചായത്ത് ഓഫീസ് കെട്ടിടത്തോടു ചേർന്ന് വിശ്രമ മുറി നിർമ്മിക്കുന്നതിന് സീലിംഗ്, പാർട്ടീഷൻ, ജി.ഐ. ഷീറ്റ് ഉപയോഗിച്ച് തറ നിർമ്മാണം എന്നിവയും ചെയ്തിട്ടുണ്ട്. ഓഫീസ് കെട്ടിടം മോടിപിടിപ്പിക്കുന്നതിന് ഉദ്ദേശിച്ചുള്ള പ്രസ്തുത പദ്ധതി, ഉല്പാദന മേഖലയിൽ പെടുത്തിയതും മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചതും സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. മെയിന്റനൻസ് ഗ്രാന്റിന്റെ വിനിയോഗം സംബന്ധിച്ച് സർക്കാർ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.[ജി.ഓ.(എം.എസ്) 330/2004/ത.സ്വ.ഭ.വ/തീയതി. 9.12.2004, സർക്കുലർ നം.75326/ FM-1/2007/ത.സ്വ.ഭ.വ/30.1.2008]. ആയതു പ്രകാരം പഞ്ചായത്തിന്റെ തനത് ആസ്തികളുടെ സംരക്ഷണത്തിനും നിർമ്മാണത്തിനും മെയിന്റനൻസ് ഗ്രാന്റ് വിനിയോഗിക്കാൻ പാടില്ല. ആയതിനാൽ ചെലവു തുക 345484രൂപ ഓഡിറ്റിൽ തടസ്സത്തിൽ വയ്ക്കുന്നു.

കൂടാതെ, ഗുണഭോക്തൃസമിതിയുടെ യോഗത്തേയും രേഖകളേയും സംബന്ധിച്ച് അവ്യക്തതയുമുണ്ട്. സമിതി കൂടുന്നതായി നോട്ടീസ് തയ്യാറാക്കുകയോ പ്രസിദ്ധപ്പെടുത്തുകയോ ചെയ്തിട്ടില്ല. കൺവീനറും ഗുണഭോക്തൃകമ്മറ്റിയംഗങ്ങളും സമർപ്പിക്കേണ്ടതായ എഗ്രിമെന്റുകൾ അപൂർണ്ണമാണ്. കൺവീനറുടേയും ചെയർമാന്റേയും ഒപ്പുകൾ മാത്രമാണ് മുദ്രപ്പത്രത്തിലുള്ളത്. ഗുണഭോക്തൃകമ്മറ്റിയംഗങ്ങൾ ഒപ്പു വെച്ചിട്ടില്ല. ഇതിന് വിശദീകരണം നൽകേണ്ടതും, കൃത്യമായ രേഖകൾ ഹാജരാക്കി ബോധ്യപ്പെടുത്തേണ്ടതുമാണ്.

# 3-17 മണ്ണ് ഫില്ലിംഗ് - കൺവീനർക്ക് അധികതുക നൽകി

| | |
|---|---|
| പ്രൊജക്ട് നം., പേര് | S.093/15 (സ്പിൽ ഓവർ നം.066/16)- നല്ലൂർ സ്ഥാനം കോളനി-എസ്.സി.കുടുംബങ്ങളുടെ വീടിനുചുറ്റും കല്ലുകെട്ടി മണ്ണിട്ട് സംരക്ഷിക്കൽ. |
| അടങ്കൽ തുക | രൂ.200000 (വികസനഫണ്ട്) |
| കൺവീനർ | സുനിൽകുമാർ, അനന്തുഭവൻ |
| എം.ബുക്ക് നം. | 240/14-15 |
| ബിൽ നം. | 7/9-15 തീയതി 28.9.15- രൂ.193351 |

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹിച്ച പ്രസ്തുത പദ്ധതിയുടെ കൺവീനർക്ക് അധികതുക നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ ഒന്നാം ഇനമായി 9.126m3 എർത്ത് വർക്ക് എസ്കവേഷൻ നടത്തിയിരുന്നു. ഈ മണ്ണ് മറ്റൊരാവശ്യത്തിനും ഉപയോഗിച്ചിട്ടില്ല. പ്രവൃത്തിയുടെ നാലാം ഇനമായി മണ്ണ് ഫില്ലിംഗ് നടത്തിയതിന് കൺവീനർക്ക് പ്രതിഫലം നൽകിയിട്ടുണ്ട്. കുഴിച്ചെടുത്ത മണ്ണിന്റെ അളവ് നാലാം ഇനത്തിൽ കുറവു ചെയ്തിട്ടില്ല. മാത്രവുമല്ല, കൺസോളിഡേഷൻ നടത്തിയിട്ടില്ലാത്തതിനാൽ 20% ഷ്രിങ്കേജ് കുറവു ചെയ്യേണ്ടതിനു പകരം 5% ഷ്രിങ്കേജ് മാത്രമേ കുറവു ചെയ്തിട്ടുമുള്ളൂ. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | നൽകിയ തുക, അളവ് | നൽകാവുന്ന തുക, അളവ് | അധിക തുക |
|---|---|---|---|

| | | | |
|---|---|---|---|
| നം.4- കൺവീനറുടെ സ്വന്തം മണ്ണ് ഉപയോഗിച്ചുള്ള ഫില്ലിംഗ് | 293.30m3<br>(-)5%- 14.665m3<br>= 278.635m3<br>@4865/m3<br>= 135555.92രൂപ | 293.30m3<br>(-) 20%=58.66m3<br>= 234.64m3<br>(-) 9.126m3<br>=225.514m3<br>@4865/m3<br>= 109712.56 | 25843 |

അധികം നൽകിയ തുക കൺവീനറിൽ നിന്ന് ഈടാക്കി തിരികെ ഒടുക്കേണ്ടതും അല്ലാത്ത പക്ഷം ഉത്തരവാദിയായ എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതുമാണ്.

# 3-18 കാർഷിക കർമ്മസേനയ്ക്ക് ഷെഡ്ഡ് നിർമ്മിച്ചു; പ്രവർത്തനമില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | S.140/16, കാർഷിക കർമ്മസേന- യന്ത്രസാമഗ്രികൾ സൂക്ഷിക്കുന്നതിനുള്ള ഷെഡ്. |
| അടങ്കൽ തുക | രൂ.395890 (വികസനഫണ്ട്-105890, ധനകാര്യകമ്മീഷൻ ഗ്രാന്റ്-290000) |
| കൺവീനർ | ബിജു.പി.ജെ, കണ്ടത്തിൽ പുത്തൻവീട് |
| എം.ബുക്ക് നം. | 212/15-16 |
| ബിൽ നം. | 1. 43/3-16 തീയതി 29.3.16- രൂ.290000<br>2. 44/3-16 തീയതി 29.3.16- രൂ.95454 |

ഗ്രാമപഞ്ചായത്തിലെ കാർഷിക കർമ്മസേനയ്ക്ക് വേണ്ടി വാങ്ങിയ ട്രാക്ടർ, ടില്ലർ, കാട്ടു വെട്ടി യന്ത്രങ്ങൾ, തെങ്ങു കയറ്റയന്ത്രം മുതലായവ സൂക്ഷിക്കുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായി 385454രൂപ ചെലവഴിച്ച് ഷെഡ്ഡ് നിർമ്മിച്ചുവെങ്കിലും കർമ്മസേനയുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. നന്നായി പ്രവർത്തിച്ചു കൊണ്ടിരുന്ന കർമ്മസേനയുടെ സേവനം ഗ്രാമപഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചു കൊണ്ടിരുന്നുവെന്നും തൊഴിൽ പരമായ പ്രശ്നങ്ങളാൽ യന്ത്രങ്ങൾ കൈകാര്യം ചെയ്യുന്നതിന് ആളുകളെ ലഭിക്കുന്നില്ലെന്നും കൃഷിഓഫീസർ ഓഡിറ്റിൽ അറിയിച്ചു.

പദ്ധതിപ്പണം വിനിയോഗിച്ച് നിർമ്മിച്ച ഷെഡ്ഡും സർക്കാർ ഫണ്ട് വിനിയോഗിച്ച് വാങ്ങിയ ഉപകരണങ്ങളും പ്രയോജനപ്രദമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

താഴെ പറയുന്ന അപാകതകൾ കൂടി ഫയൽ പരിശോധനയിൽ ശ്രദ്ധയിൽ പെട്ടു. ഗുണഭോക്തൃസമിതി കൂടിയതായി രേഖയില്ല. ഒരു നോട്ട്ബുക്കിൽ കുറച്ചുപേരുടെ പേരെഴുതി ഒപ്പിട്ടിട്ടുണ്ട് എന്നല്ലാതെ, സമിതി കൂടിയ തീയതിയോ, സ്ഥലമോ, മിനിറ്റ്സോ എഴുതിയിട്ടില്ല. കൺവീനർ, ചെയർമാൻ, ഗുണഭോക്തൃകമ്മറ്റി അംഗങ്ങൾ എന്നിവർ എഗ്രിമെന്റ് വെച്ചിട്ടില്ല. വരവു ചെലവ് കണക്ക് കമ്മറ്റിയിൽ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുമില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

# 3-19 പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യ വികസനവും ഫർണിഷിംഗും - അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | S.131/16, പഞ്ചായത്ത് ഓഫീസ് അടിസ്ഥാന സൗകര്യ വികസനവും ഫർണിഷിംഗും |

| | |
|---|---|
| അടങ്കൽ തുക | രൂ.490000 (വികസനഫണ്ട്) |
| കൺവീനർ | ശശി.സി.കെ, ചോഴിയൻപാറ |
| എം.ബുക്ക് നം. | 106/15-16 |
| ചെലവു വിവരം- | ബിൽ നം.29/2-16 തീയതി 19.2.16- രൂ.410101 |

പഞ്ചായത്ത് ഓഫീസ് , പ്രസിഡന്റിന്റേയും സെക്രട്ടറിയുടേയും മുറികൾ എന്നിവിടങ്ങളിൽ മേശകൾ (മഹാഗണി) നിർമ്മിച്ച് സജ്ജീകരിക്കുന്നതിന് 410101രൂപ ചെലവഴിച്ചിട്ടുണ്ട്. താഴെ പറയുന്ന അളവിൽ മേശകൾ നിർമ്മിച്ചതായാണ് എം.ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം. | അളവ് | എണ്ണം, നിരക്ക് | തുക |
|---|---|---|---|
| 1 | 1.50X0.60X0.75m | 1 no. @24967 | 24967 |
| 2 | 2.10X0.60X0.75m | 4 no. @34870 | 139480 |
| 3 | 1.05X0.75X0.75m | 2 no. @21001 | 42002 |
| 4 | 2.40X0.90X0.75m | 1 no. @48994 | 48994 |
| 5 | 2.40x0.75x0.75m | 2 no. @44681 | 89362 |
| 6 | 1.20X0.70X0.75m | 1 no. @21095 | 21095 |

പദ്ധതിയുടെ ഓഡിറ്റിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ പറയുന്നു.

1. ക്രമ നമ്പർ 3,5,6 എന്നിവയ്ക്ക് എം.ബുക്കിൽ പറയുന്ന അളവുകളില്ല എന്ന് ഭൗതിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. ക്രമ നമ്പർ 3-ന്റെ അളവ് 1.05x0.60x0.75m , ക്രമ നമ്പർ 5-ന്റെ അളവ് 2.40x0.68x0.75m, ക്രമ നമ്പർ 6-ന്റെ അളവ് 1.20x0.60x0.75m എന്നിങ്ങനെ മാത്രമേയുള്ളുവെന്ന് അസിസ്റ്റന്റ് എഞ്ചിനീയറുടെയും ഓവർസിയറുടേയും സാന്നിദ്ധ്യത്തിൽ അളന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നം.18/28.9.16 നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല). എസ്റ്റിമേറ്റിൽ പറയുന്ന അതേ അളവുകൾ എം.ബുക്കിൽ രേഖപ്പെടുത്തി കൺവീനർക്ക് മുഴുവൻ തുകയും നൽകിയതിന് വിശദീകരണം നൽകിയിട്ടില്ല. അനുവദിക്കാവുന്ന തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | എം.ബുക്കിലെ അളവ്, നൽകിയ തുക | യഥാർത്ഥ അളവ്, നൽകാവുന്ന തുക | അധിക തുക |
|---|---|---|---|
| ഇനം-3 | 1.05X0.75X0.75mX 2 no.<br>=1.18125m3<br>രൂ.42002 | 1.05x0.60x0.75mX 2 no.<br>=0.945m3<br>42002/1.18125X0.945 =33602രൂപ | 8400 |
| ഇനം-5 | 2.40x0.75x0.75mX 2no.<br>=2.7m3<br>രൂ.89362 | 2.40x0.68x0.75mX 2no.<br>= 2.448m3<br>89362/2.7X2.448 =81022രൂപ | 8340 |
| ഇനം-6 | 1.20X0.70X0.75mX 1 no.<br>=0.63m3<br>രൂ.21095 | 1.20x0.60x0.75mX 1 no.<br>= 0.54m3<br>21095/0.63X0.54 = 18081രൂപ | 3014 |
| ആകെ | | | 19754 |

അധികം നൽകിയ തുക തിരിച്ചടയ്ക്കേണ്ടതാണ്.

2. ഫർണിച്ചറുകൾ ഷിഫ്റ്റ് ചെയ്യുന്നതിന് 30 പേരെ നിയോഗിച്ചതിന് 464രൂപ നിരക്കിൽ 13920രൂപ അനുവദിച്ചതായി കാണുന്നു. ആയതിന്റെ ആവശ്യകത എന്തായിരുന്നുവെന്ന് വ്യക്തമാക്കിയിട്ടില്ല. പഴയ ഉപകരണങ്ങളായ ഏതാനും ചെറിയ മേശകൾ മാത്രമാണ് അവിടെ നിന്നും മാറ്റിയിട്ടുള്ളതെന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. പുതിയ ഫർണിച്ചറുകൾ ഓഫീസിൽ സ്ഥാപിക്കുന്നതിനുള്ള നിരക്കാണ് കൺവീനർക്ക് നൽകിയിട്ടുള്ളത് എന്നതിനാൽ, ഫർണിച്ചറുകൾ ഓഫീസിൽ എത്തിക്കുന്നതിന് പ്രത്യേകം തുക നൽകേണ്ടതുമില്ല. ആയതിനാൽ 13920രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

3. ഗുണഭോക്തൃ സമിതി 16.7.15-ൽ കൂടുന്നതായാണ് നോട്ടീസ് തയ്യാറാക്കിയത്. എന്നാൽ 22.7.15-ൽ കൂടിയതായാണ് മിനിറ്റ്സിൽ എഴുതിയിരിക്കുന്നത്. യോഗ തീയതി എഗ്രിമെന്റിൽ രേഖപ്പെടുത്തിയിട്ടുമില്ല.

4. എഗ്രിമെന്റിൽ ഗുണഭോക്തൃ കമ്മറ്റിയംഗങ്ങൾ ഒപ്പു വെച്ചിട്ടില്ല. മിനിറ്റ്സിൽ 4അംഗങ്ങളുടെ പേരു വിവരം മാത്രമേയുള്ളൂ.

5. വരവു ചെലവു കണക്കുകൾ ഗുണഭോക്തൃ കമ്മറ്റിയിൽ അവതരിപ്പിക്കുകയോ പാസ്സാക്കുകയോ ചെയ്തിട്ടില്ല.

6. കൺവീനർ ഹാജരാക്കിയിരിക്കുന്ന വൗച്ചറുകൾ സുതാര്യമല്ല. മഹാഗണി തടിയുടെ വില, അറപ്പുകൂലി, ഉരുപ്പടി പ്ലെയിൻ ചെയ്തതിന്റെ കൂലി എന്നീയിനങ്ങളിൽ 280000രൂപ റ്റി.കെ.എം വുഡ് ഇൻഡസ്ട്രീസ് & സോ മിൽ, അവന്നൂർ– എന്ന സ്ഥാപനമുടമയ്ക്ക് നൽകിയതായാണ് വൗച്ചറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ വൗച്ചർ ആധികാരികമല്ല. TIN നമ്പർ കാണിച്ചിട്ടുണ്ടെങ്കിലും നികുതി കാണിച്ചുള്ള സ്ഥാപനത്തിന്റെ കാഷ് ബില്ല് ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപറഞ്ഞ സാഹചര്യത്തിൽ 33674രൂപ (19754+13920) ഓഡിറ്റിൽ നിരാകരിക്കുകയും ബാക്കി ചെലവു തുക 376427രൂപ തടസ്സത്തിൽ വയ്ക്കുകയും ചെയ്യുന്നു.

# 3-20 പച്ചക്കറി വിപണനകേന്ദ്രം നിർമ്മാണം - പ്രവർത്തനം ഇല്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | S.049/16 – പച്ചക്കറി വിപണനകേന്ദ്ര നിർമ്മാണം (വനിത) |
| അടങ്കൽ തുക | രൂ.103535 (വികസനഫണ്ട്-63183, ധനകാര്യ കമ്മീഷൻ ഗ്രാന്റ്-40352) |
| കൺവീനർ | സുരേഷ് കുമാർ.വി.ആർ, കുന്നുകണ്ടത്തിൽ |
| ചെലവു വിവരം | 1. ബിൽ നം.42-3/16 തീയതി 29.3.16- രൂ.63183<br>2. ബിൽ നം.41-3/16 തീയതി 29.3.16- രൂ.34461 |

പ്രസ്തുത പ്രൊജക്ട് പ്രകാരം 97644രൂപ ചെലവഴിച്ച് ഗ്രാമപഞ്ചായത്തിനു സമീപം എം.സി.റോഡിന് അഭിമുഖമായി പച്ചക്കറി വിപണനകേന്ദ്രം നിർമ്മിച്ചിട്ടുണ്ടെങ്കിലും നിലവിൽ പ്രവർത്തനം ഇല്ല.

കൃഷിവകുപ്പിന്റെ 2014-15വർഷത്തെ പച്ചക്കറി വികസന പദ്ധതിയിലെ ഒരു ഘടകമായിരുന്നു 'പച്ചക്കറി വിപണനകേന്ദ്രം'. വിപണനകേന്ദ്രത്തിന്റെ നടത്തിപ്പിനായി കൃഷിവകുപ്പ് 150000രൂപ നേരിട്ട് അനുവദിച്ചിരുന്നു. ഗ്രാമപഞ്ചായത്തിലെ വെൺപാല പച്ചക്കറി ക്ലസ്റ്ററിൽ അംഗങ്ങളായുള്ള കർഷകർക്കു വേണ്ടിയാണ് ടി തുക അനുവദിച്ചിരുന്നത്. വിപണനകേന്ദ്രം കുറ്റൂർ ജംഗ്ഷനിൽ തന്നെ നിലനിർത്തുന്നതിനു വേണ്ടിയാണ് ഗ്രാമപഞ്ചായത്ത് പ്രസ്തുത പ്രൊജക്ട് ആവിഷ്കരിച്ച് കെട്ടിടം നിർമ്മിച്ചു നൽകിയതെന്ന് ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.17/28.9.16) മറുപടിയായി ഓഡിറ്റിൽ അറിയിച്ചു.

എന്നാൽ പദ്ധതിപ്പണം വിനിയോഗിച്ച് നിർമ്മിച്ച കെട്ടിടം കുറച്ചു ദിവസം പ്രവർത്തിച്ചുവെങ്കിലും ഇപ്പോൾ പ്രവർത്തനമില്ലാതെ കിടക്കുന്നത് പഞ്ചായത്തിന്റെയും ജനങ്ങളുടേയും താൽപ്പര്യങ്ങൾക്ക് സഹായകരമല്ല. വിപണനകേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനായി പച്ചക്കറി ക്ലസ്റ്റർ ഭാരവാഹികളുമായി എഗ്രിമെന്റ് വെച്ച് വിപണനകേന്ദ്രം കൈമാറാവുന്നതാണ്. വിപണനകേന്ദ്രത്തിന്റെ പ്രവർത്തനം തടസ്സം കൂടാതെ നടക്കുവാനും സർക്കാർ ഫണ്ട് പാഴായിപ്പോകാതിരിക്കാനും ഗ്രാമപഞ്ചായത്ത് ഭരണസമിതിയും കൃഷിഓഫീസറും സത്വരനടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-21 തെരുവ് നായകളുടെ വന്ധ്യംകരണം - തുക വിനിയോഗിച്ചിട്ടില്ല

പ്രൊജക്ട് നംമ്പർ -SO153/16

ബിൽ നംമ്പർ - 4/15-16 തീയതി 19-03-2016

തെരുവ് നായ്ക്കളെ വന്ധ്യംകരിക്കുന്നതിനായുള്ള ഷെൽട്ടറുകൾ നിർമ്മിക്കുന്നതിന് ജില്ലയിലെ ഗ്രാമ പഞ്ചായത്തുകൾ 15-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 70000രൂപ വീതം ജില്ലാ പഞ്ചായത്തിന് നൽകുന്നതിന് 23-10-2015 ലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിലും ബഹു. ജില്ലാ കളക്ടറുടെ 06-11-2015ലെ B1 18838/15നം കത്തു പ്രകാരവും നിർദ്ദേശിച്ചിരുന്നു. ഇതു പ്രകാരം പദ്ധതിയുടെ നിർവഹണ ഉദ്യോഗസ്ഥനായ ഡെപ്യൂട്ടി ഡയറക്ടർ അനിമൽ ഹസ്ബന്ററി പത്തനംതിട്ടയുടെ പേരിൽ 70000രൂപയുടെ ഡി. ഡി. (നം. 440112/ തീയതി 13-04-2016) ഗ്രാമ പഞ്ചായത്തിൽ നിന്ന് നൽകുകയുണ്ടായി. എന്നാൽ നാളിതുവരെ ടി തുക വിനിയോഗിച്ചതിന്റെ യാതൊരു രേഖയും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ തുക ജില്ലാ പഞ്ചായത്ത് വിനിയോഗിച്ചില്ല. വിനിയോഗ രേഖകൾ ഹാജരാക്കേണ്ടതാണ്.

# 3-22 വളർത്തുനായ്ക്കൾക്ക് ലൈസൻസ് എടുത്തിട്ടില്ല

2015-16 സാമ്പത്തിക വർഷം പേവിഷ നിർമ്മാർജനം എന്ന പദ്ധതിയിൽ 416 വളർത്തുനായ്ക്കൾക്ക് വാക്സിനേഷൻ നൽകിയിരുന്നു. വാക്സിനേഷൻ നൽകിയ നായ്ക്കൾക്കെല്ലാം ലൈസൻസ് എടുക്കണമെന്ന് പ്രസ്തുത പദ്ധതിയിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ വാക്സിനേഷൻ നൽകിയ നായ്ക്കൾക്കെല്ലാം ലൈസൻസ് എടുത്തിട്ടില്ല. ആയത് ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള ഗുരുതരമായ അനാസ്ഥയാണ്. ഈ വിഷയത്തിൽ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-23 അഗതി-ആശ്രയ പദ്ധതി- അവലോകനം

ഗ്രാമപഞ്ചായത്തിലെ അഗതി-ആശ്രയ പദ്ധതിയുടെ സംക്ഷിപ്ത വിവരം താഴെ കൊടുക്കുന്നു.

2004-05 സാമ്പത്തികവർഷമാണ് അഗതി ആശ്രയ പദ്ധതി ഒന്നാം ഘട്ടം പഞ്ചായത്തിൽ ആവിഷ്കരിച്ചത്. ആകെ 55 ഗുണഭോക്താക്കളായിരുന്നു ആരംഭത്തിൽ ഉണ്ടായിരുന്നത്. 2008ൽ റീ വിസിറ്റ് നടത്തിയതിനു ശേഷം ഗുണഭോക്താക്കളുടെ എണ്ണം 50 ആയി കുറഞ്ഞു. നാളിതുവരെയുള്ള വരവ് ചെലവ് കണക്കുകൾ താഴെ കൊടുക്കുന്നു.

ആകെ വരവ്

| ഫണ്ടിനം | തുക | തീയതി |
|---|---|---|
| പ്ലാൻ ഫണ്ട് | 500000 | 29-03-2012 |
| കമ്പ്യൂട്ടർ ഫണ്ട് | 266378 | 29-03-2012 |
| ചലഞ്ച് ഫണ്ട് | 1000000 | |
| പലിശ | 377794 | |

ചെലവ് -ചലഞ്ച് ഫണ്ട്

| | |
|---|---|
| ഭക്ഷണം | 479742 |
| സ്വയം തൊഴിൽ | 15000 |
| പഠന സഹായം | 122700 |
| പദ്ധതി രൂപീകരണം | 10000 |
| ആകെ | 627442 |

ചെലവ് - പ്ലാൻ ഫണ്ട്

| | |
|---|---|
| വീട് മെയിന്റനൻസ് | 70765 |
| ആകെ | 70765 |

കമ്പ്യൂട്ടർ - വരവ്/ചെലവ്

| | |
|---|---|
| വരവ് | 266378 |
| ചെലവ് | 102783 |

നീക്കിയിരുപ്പ്

| പ്ലാൻ ഫണ്ട് | ചലഞ്ച് ഫണ്ട് | കമ്പ്യൂട്ടർ ഫണ്ട് |
|---|---|---|
| 429235 | 372558 | 103595 |

ആകെ വരവ് ചെലവുകൾ

| ഫണ്ടിനം | വരവ് | ചെലവ് | നീക്കിയിരുപ്പ് | ശതമാനം |
|---|---|---|---|---|
| പ്ലാൻ ഫണ്ട് | 500000 | 70765 | 429235 | 14.15 |
| കമ്പ്യൂട്ടർ ഫണ്ട് | 266378 | 102783 | 163595 | 39 |
| ചലഞ്ച് ഫണ്ട് | 1000000 | 627442 | 372558 | 63 |
| പലിശ | 377794 | -- | -- | -- |
| ആകെ | 2144172 | 800990 | 965388 | 37.3 |

നാളിതുവരെയായി വെറും 39ശതമാനം തുക മാത്രമാണ് ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ളത്. സമൂഹത്തിലെ ഏറ്റവും അശരണരായ വിഭാഗത്തിന് ആശ്വാസമേകുന്നതിനായി ആവിഷ്കരിച്ച ഈ പദ്ധതി വെറും ഭക്ഷണ വിതരണത്തിൽ മാത്രമായി ഒതുങ്ങിപ്പോവുക യാണുണ്ടായത്. വാർഷിക പദ്ധതിയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് നിർബന്ധമായും ഏറ്റെടുക്കേണ്ട പദ്ധതികളുടെ ഗണത്തിലാണ് സർക്കാർ ആശ്രയ പദ്ധതിയെ ഉൾപ്പെടുത്തിയിട്ടുള്ളത്. വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിക്കുന്നതിനുവേണ്ടി മാത്രമായി ആശ്രയ പദ്ധതിക്ക് തുക വകയിരുത്തുകയും, പദ്ധതി നടപ്പിലാക്കാതിരിക്കുകയും ചെയ്യുന്ന പ്രവണത അഭിലഷണീയമല്ല. ആശ്രയ പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് ആവശ്യമായ സത്വര നടപടി ഗ്രാമപഞ്ചായത്ത്/സി.ഡി.എസ്. അധികൃതരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതാണ്.

ആശ്രയ രണ്ടാം ഘട്ട പദ്ധതി ഈ പഞ്ചായത്തിൽ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.

# 3-24 ഇ. എം. എസ് ഭവന പദ്ധതി - ഭൂമി വാങ്ങാൻ വകയിരുത്തിയ തുക -ഇ. എം. എസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു

2010-11 സാമ്പത്തിക വർഷം ഇ. എം. എസ് ഭവന പദ്ധതി(എസ്.സി)ക്കു വേണ്ടി ഭൂമി വാങ്ങി നൽകുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്ന് 2800000രൂപ വകയിരുത്തിയിരുന്നു. ടി തുക 31-03-2011ൽ ഇ.എം.എസ് ഭവന പദ്ധതിക്കു വേണ്ടി ആരംഭിച്ച കുറ്റൂർ സർവീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായി. എന്നാൽ ടി തുക നാളിതുവരെയും വിനിയോഗിച്ചിട്ടില്ല. പ്രസ്തുത ഗുണഭോക്താക്കൾക്ക് പിന്നീട് ഐ.എ.വൈ പദ്ധതി പ്രകാരം ഭൂമി നൽകുകയുണ്ടായി. ഇ. എം. എസ് ഭവന പദ്ധതി പൂർത്തിയായ സ്ഥിതിക്ക് പ്രസ്തുത തുക അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ആശാസ്യമല്ല. 31-03-2016ൽ ടി തുക പലിശയടക്കം 3697471രൂപയായിട്ടുണ്ട്. ഇതിൽ 97500രൂപയും അതിന്റെ പലിശയും ഇ. എം. എസ് ഭവന പദ്ധതി നാളിതുവരെ പൂർത്തീകരിക്കാത്ത മൂന്ന് ഗുണഭോക്താക്കൾക്ക് നൽകാനുള്ളതാണ്. അതു കഴിച്ചുള്ള തുക പലിശ സഹിതം കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടച്ച് വിവരം ഓഡിറ്റിനെ ബോധ്യപ്പെടുത്തേണ്ടതും പണിപൂർത്തിയാക്കാൻ ബാക്കിയുള്ള ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കാൻ വേണ്ട നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്.

## 3-25 കാലിത്തൊഴുത്ത് നിർമ്മാണം (എസ്. സി) , ജലസേചന പമ്പ് സെറ്റ് വിതരണം എന്നീ പദ്ധതികൾ ലക്ഷ്യം കൈവരിച്ചില്ല

| | |
|---|---|
| 1.പ്രൊജക്റ്റ് നംമ്പർ | 88/16 |
| ബിൽ നംമ്പർ | 5/15-16/ 19-03-2016 |
| അടങ്കൽ (വികസന ഫണ്ട്) | 420000 |

| | |
|---|---|
| 2. പ്രൊജക്റ്റ് നംമ്പർ | Soo17/16 |
| ബിൽ നംമ്പർ | 5/15-16/12-04-2016 |
| അടങ്കൽ (വികസന ഫണ്ട്) | 52500 |

ഗ്രാമപഞ്ചായത്ത് പരിധിയിൽപ്പെട്ട 28 ഗുണഭോക്താക്കൾക്ക് 15000രൂപ വീതം ധന സഹായം നൽകുന്നതിനാണ് കാലിത്തൊഴുത്ത് നിർമ്മാണപദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. എന്നാൽ ഗുണഭോക്തൃ ലിസ്റ്റിൽ 23 ഗുണഭോക്താക്കൾ മാത്രമാണുള്ളത്. ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ വെറും രണ്ട് ഗുണഭോക്താക്കൾക്ക് മാത്രമേ ധനസഹായം നൽകിയതായി കാണുന്നുള്ളു. അതായത് ആകെ അടങ്കൽ തുകയായ 420000രൂപയിൽ കേവലം 30000രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളു.

ഇതേ രീതിയിൽ ജലസേചന പമ്പ് സെറ്റ് വിതരണത്തിന് 22 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിരുന്നതെങ്കിലും വെറും രണ്ട് ഗുണഭോക്താക്കൾക്ക് മാത്രമേ ധനസഹായം നൽകിയിട്ടുള്ളു.

ഇതിൽ നിന്നും ഈ പദ്ധതികൾ പരാജയമാണെന്ന് വ്യക്തമാകുന്നു. കൃത്യമായ ആസൂത്രണത്തിന്റെ അഭാവം മൂലമാണ് ഇപ്രകാരം സംഭവിച്ചിട്ടുള്ളത്. പദ്ധതി നിർവഹണത്തിലെ ഈ വീഴ്ചയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടും വിനിയോഗവും

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 97580 | സാന്ത്വന പരിപാലന പദ്ധതി | 97580 | - |
| പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | - |

## 4-2 ഡെപ്പോസിറ്റ് പ്രവൃത്തിക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | നിർവ്വഹണ ഏജൻസി | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ | 334074 | കെ.എസ്.ഇ.ബി കല്ലിശ്ശേരി | പൂർത്തീകരിച്ചില്ല |
| തെരുവ് വിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 81810 | കെ.എസ്.ഇ.ബി കല്ലിശ്ശേരി | പൂർത്തീകരിച്ചില്ല |
| പൈപ്പ് ലൈൻ നീട്ടൽ | 529000 | വാട്ടർ അതോറിറ്റി, തിരുവല്ല ഡിവിഷൻ | പൂർത്തീകരിച്ചില്ല |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികളുടെ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക ഒന്നും നൽകിയിട്ടില്ല.

# 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല.

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഓഡിറ്റ് വർഷങ്ങളിൽ സ്ഥിരനിക്ഷേപമില്ല.

# 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ/തീയതി |
|---|---|---|---|---|
| 2000-01 | 37(1) | 15 | രമണൻ പിള്ള, എൽ.ഡി.സി | 11503101695/ 26.11.15 |

# 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-2013. | 2-4 | 2012-13 | 2 | ഫ്രണ്ട് ഓഫീസിൽ ടോക്കൺ സമ്പ്രദായം ഏർപ്പെടുത്തിയിട്ടില്ല | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ് |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് തുക ഉൾപ്പടെ) റസീറ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം] | : 39772874 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : 36972262 |
| വരവിനങ്ങളിലുള്ള നഷ്ടം | |
| വരവിനങ്ങളിലെ നഷ്ടം | : ഇല്ല |
| വരവിനങ്ങളിലുള്ള നഷ്ടം | |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : 200946 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : 912056 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 50000 | 1.ശ്രീമതി എസ്.കെ ശ്രീദേവി,ഹെഡ്മിസ്ട്രസ്<br>2.ശ്രീമതി.റെയ്ഹാന എസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ<br>3.ഭരണസമിതി അംഗങ്ങൾ (2010-15 കാലയളവിലേത്) |
| 3-5 | | 6750 | ശ്രീമതി ടെസീല.എൻ.എ, സെക്രട്ടറി |
| 3-15 | | 84679 | ശ്രീമതി പ്രമീള, അസി.എഞ്ചിനീയർ |
| 3-17 | | 25843 | 1. ശ്രീമതി പ്രമീള, അസി.എഞ്ചിനീയർ<br>2. ശ്രീമതി ഷൈജ.ബി, അസി.എക്സി.എഞ്ചിനീയർ |
| 3-19 | | 33674 | ശ്രീമതി പ്രമീള, അസി.എഞ്ചിനീയർ |
| ആകെ | | **200946** | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥർ |
|---|---|---|
| 3-2 | 100000 | ഡോ. ഷൈല മാത്യൂ, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-8 | 25145 | ശ്രീമതി പി.വൽസല, സെക്രട്ടറി |
| 3-14 | 65000 | ശ്രീമതി ടെസീല.എൻ.എ, സെക്രട്ടറി |
| 3-16 | 345484 | ശ്രീമതി പ്രമീള, അസി.എഞ്ചിനീയർ |
| 3-19 | 376427 | ശ്രീമതി പ്രമീള, അസി.എഞ്ചിനീയർ |
| ആകെ | **912056** | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക- 3-11

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരംമേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി ടെസീല.എൻ.എ,<br>സെക്രട്ടറി | സെക്രട്ടറി, കുറ്റൂർ ഗ്രാമപഞ്ചായത്ത് | അനന്താലയം,<br>തെക്കനാര്യാട്,<br>അവലൂക്കുന്ന്.പി.ഓ,<br>ആലപ്പുഴ |
| ശ്രീമതി എസ്.കെ ശ്രീദേവി, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ഗവ.എസ്.എൻ.ഡി.പി.<br>എൽ.പി.എസ്, ളാക, ഇടയാറന്മുള | വെൺമണി ഇണ്ടത്തിൽ,<br>കുളനട.പി.ഓ,<br>പന്തളം |
| ശ്രീമതി പ്രമീള,<br>അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ,<br>കുറ്റൂർ | കൊച്ച്പറമ്പ്,<br>മിത്രക്കരി.പി.ഓ,<br>ആലപ്പുഴ |
| ശ്രീമതി ഷൈജ.ബി,<br>അസി.എക്സി.എഞ്ചിനീയർ | അസി.എക്സി.എഞ്ചിനീയർ,<br>ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്. | ശ്രീപുരത്ത് വീട്,<br>ഇളമ്പള്ളൂർ,<br>കുണ്ടറ.പി.ഓ,<br>കൊല്ലം - 691501 |
| ശ്രീമതി.റെയ്ഹാന എസ്, ജില്ലാ വിദ്യാഭ്യാസ ഓഫീസർ | വിരമിച്ചു | മരുതിൽ പുത്തൻവീട്,<br>വെട്ടിപ്രം, പത്തനംതിട്ട |
| ശ്രീ. ജോ ഇലഞ്ഞിമൂട്ടിൽ,<br>ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്. | | ഇലഞ്ഞിമൂട്ടിൽ,<br>തെങ്ങേലി.പി.ഓ,<br>കുറ്റൂർ |
| ശ്രീമതി എൽസമ്മ എബ്രഹാം,<br>വൈസ് പ്രസിഡന്റ്. | | കോടത്തായ വല്യുഴത്തിൽ,<br>പടിഞ്ഞാറ്റോതറ,<br>കുറ്റൂർ. |
| ശ്രീമതി ഓമന ജോൺ,<br>ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർപേഴ്സൺ. | | ചിറയിൽ ചൈതന്യ,<br>വെൺപാല.പി.ഓ,<br>കുറ്റൂർ. |
| ശ്രീ. സുരേഷ്.ജി,<br>വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ. | | പുത്തൻപുരയ്ക്കൽ,<br>വെൺപാല.പി.ഓ,<br>കുറ്റൂർ. |
| ശ്രീ.എം.എം.എബ്രഹാം, | | മുളമൂട്ടിൽ, |

| | |
|---|---|
| ആരോഗ്യ വിദ്യാഭ്യാസ കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ. | കുറ്റൂർ.പി.ഓ |
| ശ്രീ പ്രസന്നകുമാർ, | താഴത്തുമലയിൽ, |
| ഗ്രാമപഞ്ചായത്തംഗം | കുറ്റൂർ.പി.ഓ. |
| ശ്രീമതി ശ്രീലേഖ രഘുനാഥ്, | മാമ്പറമ്പിൽ പള്ളത്ത്, |
| ഗ്രാമപഞ്ചായത്തംഗം | കുറ്റൂർ.പി.ഓ |
| ശ്രീമതി കൃഷ്ണമ്മ, | വലിയകുന്നത്ത്, |
| ഗ്രാമപഞ്ചായത്തംഗം. | പടിഞ്ഞാറ്റോതറ, കുറ്റൂർ. |
| ശ്രീമതി സുജ സണ്ണി, | വളയിൽ, |
| ഗ്രാമപഞ്ചായത്തംഗം | പടിഞ്ഞാറ്റോതറ, കുറ്റൂർ. |
| ശ്രീ. സാം ചെറിയാൻ, | പുന്നയ്ക്കാട്ട് മലയിൽ, |
| ഗ്രാമപഞ്ചായത്തംഗം | പടിഞ്ഞാറ്റോതറ, കുറ്റൂർ. |
| ശ്രീമതി ബിൻസി, | ആരമ്മാംമൂട്ടിൽ, |
| ഗ്രാമപഞ്ചായത്തംഗം | പടിഞ്ഞാറ്റോതറ, കുറ്റൂർ. |
| ശ്രീമതി ജയശ്രീ പ്രസന്നകുമാർ | പ്രസന്നാലയം, |
| ഗ്രാമപഞ്ചായത്തംഗം | കുറ്റൂർ.പി.ഓ |
| ശ്രീ പ്രസാദ്.കെ.ജി, | പുലയിരിക്കുംകുന്നിൽ, |
| ഗ്രാമപഞ്ചായത്തംഗം | തലയാർ, കുറ്റൂർ.പി.ഓ |
| ശ്രീ.കെ.സി.തോമസ്, | കുന്നുകണ്ടത്തിൽ, |
| ഗ്രാമപഞ്ചായത്തംഗം | കുറ്റൂർ.പി.ഓ. |

# 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

(എ). ചാർജ്/ സർചാർജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

--ഇല്ല--

(ബി) ചാർജ്/സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം

--ഇല്ല--

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പിറ്റി.എ/പി3/395/98 തീ.11.1.2000/13.3.2000 | 2 |
| 1997-98 | എൽ.എഫ്.പിറ്റി.എ/പി3/587/98 തീ.24.3.2000/10.10.2000 | 3 |
| 1998-99 | എൽ.എഫ്.പിറ്റി.എ/പി3/455/01 തീ.9.11.2001/25.1.2002 | 19 |
| 1999-2000 | എൽ.എഫ്.പിറ്റി.എ/പി4/610/02 തീ.03.3.2003/19.4.2003 | 15 |
| 2000-01 | എൽ.എഫ്.പിറ്റി.എ/പി4/289/03 തീ.09.10.2003/16.12.2004 | |
| 2001-02 | എൽ.എഫ്.പിറ്റി.എ/പി4/582/04 തീ.14.10.2004/14.2.2005 | 13 |
| 2002-03 (ചെലവ്) | എൽ.എഫ്.പിറ്റി.എ/പി8/535/06 തീ.04.10.2006/06.8.2007 | 8 |
| 2003-04 | എൽ.എഫ്.പിറ്റി.എ/പി5/565/08 തീ.30.5.2009 | 1 |
| 2004-05 | എൽ.എഫ്.പിറ്റി.എ/പി5/566/08 തീ.30.5.2009 | 3 |
| 2005-06 | എൽ.എഫ്.പിറ്റി.എ/പി6/251/09 തീ.10.8.2009 | 6 |
| 2006-07 | എൽ.എഫ്.പിറ്റി.എ/പി11/171/11 തീ.30.11.2011 | 18 |
| 2007-08മുതൽ 2009-10 വരെ | എൽ.എഫ്.പിറ്റി.എ/പി11/821/12 തീ.19.10.2012/22.3.2013 | |
| 2010-11മുതൽ 2012-13 വരെ | എൽ.എഫ്.പിറ്റി.എ/പി11/1055/13 തീ.16.10.2014 | |
| 2013-14മുതൽ 14-15 വരെ | കെ.എസ്.എ.പി.റ്റി.എ.പി4/295/16 തീ.28.3.16/1.4.16 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട ജില്ല

# 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ്

<u>അനുബന്ധം</u>**-1**

നം.കെ.എസ്.എ.പി.റ്റി.എ.പി **4/1115/16** തീയതി **5.10.2016**

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കുറ്റൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

പത്തനംതിട്ട

No.K.S.A.PTA.P**4/1115/16** Dated 5.10.2016

**<u>AUDIT CERTIFICATE</u>**

Certified that I have examined the Annual Financial Statement of **Kuttoor Grama Panchayat** in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of **Kuttoor Grama Panchayat** for the year 2015-16 except the obeservations in my report properly presents the picture of income and expenditure.

Deputy Director (H.G)

Kerala State Audit Department

Pathanamthitta